കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# പടന്ന ഗ്രാമപഞ്ചായത്ത്
# 2016-2017 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്

E-mail: doksd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ/കെ.എസ്.ഡി-9/997/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് – 671123.
ഇ-മെയിൽ : doksd.ksad@kerala.gov.in
ഫോൺ : 0499 4256690.

തീയതി.28.08.2017.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

പടന്ന ഗ്രാമ പഞ്ചായത്ത്.

സർ,

വിഷയം: പടന്ന ഗ്രാമപഞ്ചായത്ത്-2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്– സംബന്ധിച്ച്

**************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടന്ന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു. ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

പകർപ്പ് :
1) കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം(ഇ. മെയിൽ മുഖേന).
2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ് ജില്ല.
3)കാര്യാലയ പകർപ്പ്.

നം.കെ.എസ്.എ/കെ.എസ്.ഡി-9/997/2017 തിയ്യതി:28.08.2017

# കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)*

കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 15.11.2016 മുതൽ 31.07.2017 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്ന് 01.04.2016 മുതൽ 31.03.2017വരെ നടത്തിയ പണം പിൻവലിക്കൽ, അധികാര വികേന്ദ്രീകരണത്തിന്റെ ഭാഗമായി അനുവദിച്ച് കിട്ടിയ പദ്ധതി വിഹിതം, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം, സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം, മറ്റ് ഏജൻസികളിൽ നിന്നുള്ള ധനസഹായം, വിവിധ വകുപ്പുകളിലൂടെ ലഭ്യമായ തുകകൾ എന്നിവയും പരിശോധനയ്ക്ക് വിധേയമാക്കുകയുണ്ടായി.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം.

| | | |
|---|---|---|
| ഓഡിറ്റിനു ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | രാജാരാമ.സി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിനു വിനിയോഗിച്ച സമയം | 21.08.2017 മുതൽ 26.08.2017 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | പേര് | ഉദ്യോഗപ്പേര് |
| | കിരൺ ദാസ്. പി | ഓഡിറ്റ് ഓഫീസർ |
| | വിനോദ് കുമാർ.സി | അസി. ഓഡിറ്റ് ഓഫീസർ |
| | ഷാജു തോമസ് | അസി. ഓഡിറ്റ് ഓഫീസർ |
| | സുനിൽ കുമാർ. എം | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | സുധീഷ്.എൻ.കെ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ.

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.ഫൗസിയ.പി.സി. | 01.04.2016 മുതൽ 31.03.2017 വരെ |
| സെക്രട്ടറി | ശ്രീ.അനിൽ കുമാർ.എൻ.എം. | 01.04.2016 മുതൽ 31.03.2017 വരെ |

(സി) നിർവ്വഹണ ഉദ്യോഗസ്ഥർ.

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.അഷറഫ്.എൻ.ബി | 01.04.2016 മുതൽ 07.03.2017വരെ |
| | ശ്രീ.പി.ടി.ജോൺ | 20.03.2017 മുതൽ 22.03.2017 വരെ |
| | ശ്രീ. വിനയരാജ്.കെ.വി. (ഇൻ ചാർജ്ജ്) | 07.03.2017മുതൽ19.03.2017വരെയും 23.03.2017 മുതൽ31.03.2017വരെ |

| | | |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീമതി.കവിത.എം | 01.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രേഷ്മ.കെ.പി | 01.04.2016 മുതൽ 31.07.2016 വരെ |
| | ശ്രീ.അംബുജാക്ഷൻ.ടി | 01.08.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.സ്വപ്ന.കെ.പി | 01.04.2016 മുതൽ വരെ 03.07.2016 |
| | ശ്രീമതി.ലതിക. പി.വി | 04.07.2016 മുതൽ 23.11.2016 വരെ |
| | ശ്രീമതി.ഗിരിജ.കെ.വി | 24.11.2016 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. | ശ്രീ.പ്രകാശൻ.എം.വി | 01.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ.രാജൻ.ടി.വി | 01.04.2016 മുതൽ 31.03.2017 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.സാബു.എം | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ.വിക്രം | 01.04.2016 മുതൽ 10.08.2016 വരെ |
| | ഡോ.അഷ്കർ അലി | 10.08.2016 മുതൽ 10.02.2017 വരെ |
| | ഡോ.അൻസിൽ. എ | 10.02.2017 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ആയൂർവേദം | ഡോ.പ്രിയ.കെ | 01.04.2016 മുതൽ 31.03.2017 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ.സുജയ നായർ | 01.04.2016 മുതൽ 31.03.2017 വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധന | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തനത് വരുമാനം | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തര നിയന്ത്രണം | 1-10 |
| 11 | തൊഴിലുറപ്പ് പദ്ധതി അവലോകനം | 1-11 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-12 |
| | ഭാഗം 2 | |
| 13 | വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ | 2-1 |

| | | |
|---|---|---|
| 14 | ഡി ആന്റ് ഒ ലൈസൻസ് പുതുക്കലും ഫീസ് പിരിവും-അപാകതകൾ | 2-2 |
| 15 | ടെലികോം കമ്പിനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല | 2-3 |
| 16 | തൊഴിൽ നികുതി-അപാകതകൾ | 2-4 |
| 17 | വസ്തുനികുതി അവലോകനം സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിച്ചിട്ടില്ല. | 2-5 |
| 18 | ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല | 2-6 |
| 19 | അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത | 2-7 |
| 20 | ഇ ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. | 2-8 |
| | ഭാഗം 3 | |
| 21 | പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 91.41 ലക്ഷം വിനിയോഗിക്കാൻ സാധിച്ചില്ല. | 3-1 |
| 22 | ടാർ ലഭ്യമാക്കാൻ വൈകി- റോഡ് ടാറിംഗ് / റീ ടാറിംഗ് പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കിയിട്ടില്ല. | 3-2 |
| 23 | മെറ്റലിംഗ് പ്രവൃത്തി ചെയ്ത റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടത്തിയിട്ടില്ല. | 3-3 |
| 24 | പൊതുമരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയ സർവ്വീസ് ടാക്സ് -തുടർ നടപടികൾ സംബന്ധിച്ച്. | 3-4 |
| 25 | എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം.മാർഗരേഖ പാലിച്ചിട്ടില്ല. | 3-5 |
| 26 | എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും- മാർഗരേഖ പാലിച്ചിട്ടില്ല. | 3-6 |
| 27 | മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല. | 3-7 |

| | | |
|---|---|---|
| 28 | ആശ്രയഭവനനിർമ്മാണം-തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല. | 3-8 |
| 29 | ഓരി തടയണ നിർമ്മാണം- നടപടി ക്രമം പാലിച്ചില്ല- 54,512 രൂപ തടസ്സപ്പെടുത്തുന്നു. | 3-9 |
| 30 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല | 3-10 |
| 31 | ആസ്തി രജിസ്റ്റർ- സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കുന്നില്ല | 3-11 |
| | ഭാഗം 4 | |
| 32 | സംയുക്ത പദ്ധതികൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 33 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 34 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 35 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 36 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 37 | ഓഡിറ്റ് റിക്കവറി | 4-6 |
| 38 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകൾ | 4-7 |
| 39 | ഓഡിറ്റ് പ്രത്യവലോകനം | 4-8 |
| 40 | തീർപ്പാക്കുവാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 |


അനുബന്ധപത്രികകൾ

1)ഓഡിറ്റ് സർട്ടിഫിക്കറ്റ്

2)ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്,

3)റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,

4)ബാലൻസ് ഷീറ്റ്.

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 04.03.2016 ലെ ഭരണസമിതി തീരുമാനം നമ്പർ 33/2016 പ്രകാരം അംഗീകരിക്കുകയുണ്ടായി . ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ്, ചെലവ് വിശദാംശം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 50,00,000 |
| വരവ് | 13,04,38,000 |
| ആകെ | 13,54,38,000 |
| ചെലവ് | 12,96,58,000 |

| | |
|---|---|
| നീക്കിയിരിപ്പ് | 57,80,000 |

ബജറ്റ് പ്രകാരമുള്ളതും യഥാർത്ഥത്തിലുള്ളതുമായ വരവ് ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥ ത്തിലുള്ളത് | ബജറ്റ് പ്രകാരമുള്ള വരവ്/ ചെലവും യഥാർത്ഥ വരവ്/ ചെലവും തമ്മിലുള്ള വ്യത്യാസം | | ശതമാനം (+)/(-) |
|---|---|---|---|---|---|
| | | | കൂടുതൽ | കുറവ് | |
| മുന്നിരിപ്പ് | 50,00,000 | 1,30,84,095 | 80,84,095 | | (+)261.68% |
| വരവ് | 13,04,38,000 | 9,51,49,259 | | 3,52,88,741 | (-)72.94% |
| ആകെ | 13,54,38,000 | 10,82,33,354 | | 2,72,04,646 | (-)79.91% |
| ചെലവ് | 12,96,58,000 | 9,18,71,625 | | 3,77,86,375 | (-)70.86% |
| നീക്കിയിരിപ്പ് | 57,80,000 | 1,63,61,729 | 1,05,81,729 | | (+)283.07% |

ഓഡിറ്റ് വർഷത്തെ പുതുക്കിയ ബജറ്റ് തയ്യാറാക്കിയിട്ടില്ല. ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവ് ചെലവും യഥാർത്ഥത്തിലുള്ള വരവ് ചെലവും തമ്മിൽ വലിയ അന്തരം കാണുന്നു. ഭാവിയിൽ ബജറ്റ് തയ്യാറാക്കുമ്പോൾ യാതാർത്ഥ്യ ബോധത്തോടെയുള്ള സമീപനം സ്വീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 16.06.2017 | ഇല്ല | ഇല്ല |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2016-17 | 22.08.2017, 23.08.2017 | ഓഡിറ്റ്സർട്ടിഫിക്കറ്റ് ഈ റിപ്പോർട്ടിന്റെ അനുബന്ധം 1. ആയിഉൾപ്പെടുത്തിയിട്ടുണ്ട് |

വാർഷിക ധനകാര്യപത്രിക പരിശോധനവേളയിൽ ശ്രദ്ധയിൽപ്പെട്ട ന്യൂനതകൾ ഈ റിപ്പോർട്ടിലെ ഖണ്ഡിക 2-1ൽ ചേർത്തിരിക്കുന്നു .

(ഓഡിറ്റ് ചെയ്ത വാർഷിക ധനകാര്യപത്രികയിലെ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ട്, റസീറ്റ് ആന്റ് പേയ്മെന്റ് അക്കൗണ്ട്,ബാലൻസ് ഷീറ്റ്, ഓഡിറ്റ് സർട്ടിഫിക്കറ്റ് എന്നിവ അനുബന്ധമായി ചേർത്തിരിക്കുന്നു.)

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 1,30,84,095 |
| വരവ് | 9,51,49,259* |
| ആകെ | 10,82,33,354 |
| ചെലവ് | 9,18,71,625* |

| | |
|---|---|
| നീക്കിയിരിപ്പ് | 1,63,61,729 |

(*കുറിപ്പ്: വാർഷിക ധനകാര്യപത്രിക പ്രകാരമുള്ള രസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെടാത്ത D.B.T. പെൻഷൻ തുക 2,90,20,825/- രൂപയും, മഹാത്മഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി വേതനമിനത്തിൽ ഓൺലൈൻ മുഖേന നല്കിയ 2,93,81,881/- രൂപയും മേൽ കണക്കിൽ വരവിലും ചെലവിലും ഉൾപ്പെടുത്തിയിട്ടുണ്ട്).

## 1-5 ഫണ്ട് വിനിയോഗം (അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കി യിരിപ്പ്** | ശതമാനം |
|---|---|---|---|---|---|---|
| 1 | 2 | 3 | 4 | 5 | 6 | 7 |
| വികസനഫണ്ട് പൊതുവിഭാഗം | 0 | 85,53,397 | 85,53,397 | 78,86,633 | 6,66,764 | 92.20% |
| വികസനഫണ്ട് എസ്.സി.പി. | 0 | 30,45,300 | 30,45,300 | 28,90,813 | 1,54,487 | 94.92% |
| വികസഫണ്ട് ടി.എസ്.പി. | 0 | 56,028 | 56,028 | 0 | 56,028 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 47,96,373 | 47,96,373 | 24,36,927 | 23,59,446 | 50.80% |
| പെർഫോമൻസ് ഗ്രാന്റ് | 0 | 25,77,170 | 25,77,170 | 8,55,943 | 17,21,227 | 33.21% |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 49,56,441 | 49,56,441 | 11,07,422 | 38,49,019 | 22.34% |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 25,50,348 | 25,50,348 | 22,15,999 | 3,34,349 | 86.89% |
| എം.എൻ..ആർ. ഇ.ജി.എസ്. | 488 | 2,92,67,334 | 2,92,67,822 | 2,92,64,210 | 3,612 | 99.9% |
| ബി.ഫണ്ട് | 0 | 3,00,74,642 | 3,00,74,642 | 3,00,74,642 | 0 | 100% |

** കോളം 6-ൽ കാണിച്ചിരിക്കുന്ന നീക്കിയിരിപ്പ് തുകകൾ (എം.എൻ.ആർ.ഇ.ജി.എസ്. ഒഴികെ) സഞ്ചിത നിധിയിൽ ലയിപ്പിക്കപ്പെട്ടു.

## 1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ നടപ്പിലാക്കിയതിൻറെ വിവരം

| അംഗീകാരം ലഭിച്ചത് (എണ്ണം) | നടപ്പിലാക്കിയത് (എണ്ണം) | ഭാഗികമായി (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രൊജക്ടുകളുടെ % |
|---|---|---|---|---|
| 116 | 80 | 16 | 36 | 68.96% |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| ക്രമ നം | നിർവ്വഹണോദ്യോഗസ്ഥൻ | അംഗീകരിച്ച പദ്ധതി രേഖ പ്രകാരം 2016-17 വർത്തിൽ നടപ്പാക്കേണ്ട പദ്ധതികളുടെ വിവരം | 2016-17 വർത്തിൽ നടപ്പാക്കിയ പദ്ധതികളുടെ വിവരം | ചെലവ് ശതമാനം. |
|---|---|---|---|---|

| | | എണ്ണം | അടങ്കൽ | എണ്ണം | ചെലവ് തുക | |
|---|---|---|---|---|---|---|
| 1 | സെക്രട്ടറി | 22 | 45,29,249 | 17 | 33,14,526 | 73.18% |
| 2 | അസിസ്റ്റന്റ് എൻജിനിയർ. | 52 | 2,21,62,975 | 29 | 33,66,660 | 15.19% |
| 3 | കൃഷി ഓഫീസർ. | 7 | 30,22,000 | 6 | 25,81,471 | 85.42% |
| 4 | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ. | 5 | 31,35,557 | 3 | 13,98,549 | 44.60% |
| 5 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ. | 3 | 31,82,800 | 3 | 28,38,986 | 89.19% |
| 6 | വെറ്റനറി സർജ്ജൻ | 3 | 12,85,273 | 3 | 11,14,516 | 86.71% |
| 7 | മെഡിക്കൽ ഓഫീസർ -പി.എച്ച്.സി. | 4 | 9,50,000 | 4 | 9,39,654 | 98.91% |
| 8 | മെഡിക്കൽ ഓഫീസർ - ആയുർവ്വേദം. | 1 | 3,50,000 | 1 | 3,50,000 | 100% |
| 9 | മെഡിക്കൽ ഓഫീസർ - ഹോമിയോ. | 1 | 1,00,000 | 1 | 1,00,000 | 100% |
| 10 | പ്രധാനാധ്യാപകൻ. | 9 | 13,68,800 | 6 | 11,24,919 | 82.18% |
| 11 | അസിസ്റ്റന്റ് സെക്രട്ടറി | 9 | 22,60,300 | 7 | 20,61,429 | 91.20% |
| | ആകെ | 116 | 4,23,46,954 | 80 | 1,91,90,710 | 45.31% |

2016-17 സാമ്പത്തിക വർഷം ആകെ 116 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 82 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 69% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 52പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 29 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളൂ. ഈ 29 പദ്ധതികളിൽ ടാറ് വാങ്ങുന്നതിനായി മുൻകൂർ നൽകുന്നതിനായി മാത്രം പണം ചെലവഴിച്ച 15 പദ്ധതികളും ഉൾപ്പടുന്നു. തൻവർഷം വകയിരുത്തിയ തുകയുടെ 15.19% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. ടാർ വാങ്ങി നൽകുന്നതിലുണ്ടായ കാലവിളംബം മൂലം റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളിൽ ഒന്നും തന്നെ തൻവർഷം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻമാരായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തൻവർഷം വകയിരുത്തിയ തുകയുടെ 44.6% മാത്രമാണ് ചെലവഴിച്ചത്. അതുപോലെ, സെക്രട്ടറി 73.18% മാത്രമാണ് ചെലവഴിച്ചത്. മേൽ പറഞ്ഞ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ കുറഞ്ഞ ചെലവു ശതമാനം ഭരണ സമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-7 തനത് വരുമാനം.

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 158.50 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+) /(-) |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| നികുതി വരവുകൾ | 25,99,865 | 46,31,206 | (+)20,31,341 | (+) 178.13% |
| നികുതിയേതര വരവുകൾ | 8,75,060 | 8,76,865 | (+)1,805 | (-) 0.2% |
| മറ്റു വരവുകൾ | 0 | 0 | 0 | - |
| ആകെ | 34,74,925 | 55,08,071 | (+) 20,33,146 | 158.50% |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച് തുക | ഗുണഭോക്താ-ക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 353,880 | 205 |
| കർഷക തൊഴിലാളി വേതനം | 48,21,690 | 541 |
| വിധവ പെൻഷൻ | 1,12,13,300 | 1,096 |
| വാർദ്ധക്യകാല പെൻഷൻ | 1,01,70,305 | 1,088 |
| വികലാംഗപെൻഷൻ | 26,96,200 | 314 |
| അവിവാഹിതരായ 50 വയസിനു മുകളിൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ | 1,19,330 | 12 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 6,30,000 | 21 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.08.2017 ന് (3.40 pm) സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 28,681/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം.

ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ പറയും പ്രകാരമാണ്.

| ക്രമ നം | തസ്തിക | എണ്ണം |
|---|---|---|
| 1 | സെക്രട്ടറി | 1 |
| 2 | അസിസ്റ്റന്റ് സെക്രട്ടറി. | 1 |
| 3 | ഹെഡ് ക്ലാർക്ക് | 1 |
| 4 | അക്കൗണ്ടന്റ് | 1 |
| 5 | സീനിയർ ക്ലാർക്ക് | 2 |
| 6 | ക്ലാർക്ക് | 5 |

| | | |
|---|---|---|
| 7 | ഓഫീസ് അറ്റൻഡന്റ് | 1 |
| 8 | പാർട്ട് ടൈം ലൈബ്രേറിയൻ | 1 |

അസിസ്റ്റന്റ് സെക്രട്ടറിയുടെ തസ്തിക 22.03.2017 മുതൽ 20.06.2017 വരെ ഒഴിഞ്ഞുകിടന്നിരുന്നു. അക്കൗണ്ടൻറിന്റെ തസ്തിക 22.03.2017 മുതൽ 20.06.2017 വരെയും 20.10.16 മുതൽ 03.12.16 വരെയും ഒഴിഞ്ഞുകിടന്നിരുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം വളരെ കാര്യക്ഷമമായി നടക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്ത് കാര്യാലയത്തിന്റെ കെട്ടിട സൗകര്യം വളരെ അപര്യാപ്തമാണ്.

07.082017 ലെ ഉത്തരവ് നം.എ-2/27/15/എസ്,സി 2 പ്രകാരം ജീവനക്കാരുടെ ജോലി വിഭജനം നടത്തിയിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കാര്യാലയത്തിലെ ജീവനക്കാരുടെ യോഗം (staff meeting) 2016-2017 സാമ്പത്തിക വർഷം 4 പ്രാവശ്യം മാത്രമാണ് ചേർന്നത്. ജീവനക്കാരുടെ യോഗം മാസത്തിൽ ഒരുതവണയെങ്കിലും ചേരേണ്ടതും ഓരോ സെക്ഷനിലെയും പ്രവർത്തന പുരോഗതി വിലയിരുത്തേണ്ടതുമാണ്. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാർ പങ്കെടുക്കുന്നില്ല. സ്റ്റാന്റിംഗ് കമ്മിറ്റി യോഗങ്ങളിൽ നിർവ്വഹണോദ്യോഗസ്ഥൻമാരുടെ സാന്നിധ്യം ഉറപ്പുവരുത്തേണ്ടതാണ്.

## 1-11 തൊഴിലുറപ്പ് പദ്ധതി അവലോകനം

മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയ്ക്കായി 2016-17 വർഷം 438 പദ്ധതികളുൾപ്പെടുന്ന ആക്ഷൻ പ്ലാൻ ഗ്രാമ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരം നേടിയിരുന്നു. എന്നാൽ തൻ വർഷം 217 പദ്ധതികൾ മാത്രമാണ് നടപ്പാക്കിയത്. തൻ വർഷം ഈ മേഖലയിൽ പ്രധാനമായും ഭൂവികസനപദ്ധതികളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. ചെറുകിട കർഷകരുടെ തോട്ടങ്ങളിലെ കാർഷിക ജോലികളാണ് ഇവയിൽ ഭൂരിഭാഗവും, ജലസംരക്ഷണ പദ്ധതികളും ഐ.എ.വൈ ഭവന പദ്ധതിയും ഈ വർഷം നടപ്പാക്കിയിട്ടുണ്ട്. ഓഡിറ്റ് കാലയളവിലെ തൊഴിലുറപ്പ് പദ്ധതി നടത്തിപ്പ് വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ കുടുംബങ്ങൾ | 3386 |
| തൊഴിൽ കാർഡ് നല്കിയ കുടുംബങ്ങൾ | 3,386 |
| തൊഴിൽ കാർഡ് നല്കിയ എസ്.സി. കുടുംബങ്ങൾ | 230 |
| തൊഴിൽ കാർഡ് നല്കിയ എസ്.ടി. കുടുംബങ്ങൾ | 0 |
| ആകെ അംഗീകരിച്ച പദ്ധതികൾ | 438 |
| ആകെ നടപ്പിലാക്കിയ പദ്ധതികൾ | 217 |
| ആകെ മനുഷ്യ ദിനങ്ങൾ | 1,15,101 |
| നൂറുദിനം തൊഴിൽ ദിനം ലഭിച്ച കുടുംബങ്ങൾ | 437 |

## 1-12 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നമ്പർ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 10.07.2017, 02.08.2017 | 2017 ജൂൺ | പി.എ.യു.2/ടി2//2017 തീയതി 02.08.2017 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 25.10.2010 മുതൽ 04.11.2010 | 2005-06 മുതൽ 2009-2010 വരെ | എൽ. ബി.എ-എച്ച്. ക്യു- 1661/190 തീയതി 03.12.2010 |

# ഭാഗം-2

# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷിക ധനകാര്യ പത്രികയുടെ പരിശോധന- അപാകതകൾ

2016-17വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെയും അനുബന്ധ രജിസ്റ്ററുകളുടെയും, രേഖകളുടെയും പരിശോധനയിൽ കണ്ട അപാകതകൾ താഴെ ചേർക്കുന്നു.

1) 2015-16 വർഷത്തെ വാർഷിക കണക്കിൻമേലുള്ള അപാകതകൾ പരിഹരിച്ചിട്ടില്ല. പരിഹരിച്ചവയുടെ വിശദ വിവരം അക്കൗണ്ട്സിനോട് കൂടെ കുറിപ്പുഫയലാക്കി ഉള്ളടക്കം ചെയ്തിട്ടില്ല.

2)സചിത്ര സോഫ്റ്റ് വെയർ മുഖേന ആസ്തി റജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ബി-11 ഷെഡ്യൂൾ പ്രകാരം ബാലൻസ് ഷീറ്റിൽ കാണിച്ച സ്ഥിരം ആസ്തികളുടെ മൂല്യത്തിന്റെ കൃത്യത വ്യക്തമല്ല.

3)വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, കുടിശ്ശിക ഡിമാന്റ് രജിസ്റ്റർ എന്നിവ എഴുതി സൂക്ഷിച്ചിട്ടില്ല. സഞ്ജയ-സാംഖ്യ ഇന്റഗ്രേഷൻ പൂർത്തിയായിട്ടില്ല. വസ്തു നികുതി ഡിമാന്റ് രജിസ്റ്റർ, അരിയർ ഡിമാൻഡ് രജിസ്റ്റർ എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനത്തിലെ കുടിശ്ശിക- തൻവർഷ ഡിമാന്റ്- പിരിവ് തുകകളുടെയും പിരിച്ചെടുക്കാൻ ബാക്കി നിൽക്കുന്ന തുകകളുടെയും കൃത്യത പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

4)കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ തയ്യാറാക്കാത്തതിനാൽ ബാലൻസ് ഷീറ്റിൽ ആസ്തികളിൽ sundry debtors (receivable ) ആയി കാണിച്ച തുകകൾ കുടിശ്ശിക ഡിമാൻറ് രജിസ്റ്റർ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുവാൻ സാധിച്ചിട്ടില്ല

5)ഗ്രാമപഞ്ചായത്തിന് പിരിഞ്ഞ് കിട്ടാനുള്ളതും ലഭ്യത സംശയാസ്പദവുമായിട്ടുള്ള തുകക്ക് പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

6)ക്ലോസിംഗ് സ്റ്റോക്കിന്റെ മൂല്യം, തൻവർഷം നടത്തിയ പർച്ചേസുകളുടെ മൂല്യം, ഓപ്പണിംഗ് സ്റ്റോക്കിന്റെ മൂല്യം എന്നിവ ഉൾപ്പെടുത്തി സെക്രട്ടറി സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കുന്നില്ല.ഓരോ മാസാന്ത്യവും സ്റ്റോക്കിന്റെ ഭൗതിക പരിശോധന നടത്തുന്നില്ല.

7)താഴെ കൊടുത്തിട്ടുള്ള ഷെഡ്യൂളുകളിലെ സമാന ഹെഡുകളുടെ തുകകൾ തുല്യമല്ല. തുല്യമാകാത്തതിന്റെ കാരണത്തിനത്തിന് വിശദമായ കുറിപ്പ് (നോട്സ് ഓൺ അക്കൗണ്ട്) തയ്യാറാക്കിയിട്ടില്ല.

| ക്രമ-നം | ഷെഡ്യൂളുകൾ | റിമാർക്സ് |
|---|---|---|
| 1 | RP-4, I-4(b) | ലൈസൻസ് ഫീ ഒഴികെ |
| 2 | RP-13, I-12(b) | |
| 3 | RP-15, I-14 | |
| 4 | RP-16, I-14(a) | 251300801 ഒഴികെ |
| 5 | RP-17, I-14(b) | |
| 6 | RP-18, I-14(c) | |

8)ബാലൻഷീറ്റിൽ ഷെഡ്യൂൾ B-7ൽ ബാധ്യത ഇനത്തിൽ(Deposits Received) ഉൾപ്പെടുത്തിയ 2,29,169/രൂപയുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ(ഡെപ്പോസിറ്റ് രജിസ്റ്ററടക്കം) പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.കേരള ഫിനാൻഷ്യൽ കോഡ്, ആർട്ടിക്കിൾ 282 ലാപ്സ് ഓഫ് ഡെപ്പോസിറ്റ് ടു ഗവൺമെന്റ് പ്രകാരം 3 വർഷം കഴിഞ്ഞിട്ടും ക്ലൈം ചെയ്തിട്ടില്ലാത്ത എല്ലാ ഡെപ്പോസിറ്റുകളും വർഷാവസാനം മാർച്ച് മാസത്തിൽ പഞ്ചായത്ത്

ഫണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. ഇപ്രകാരം പഞ്ചായത്ത് ഫണ്ടിലേക്ക് മാറ്റാതെ വർഷങ്ങളായി പഞ്ചായത്തിന് ലഭിച്ച ഡെപ്പോസിറ്റുകൾ ബാലൻസ് ഷീറ്റിലെ ഷെഡ്യൂൾ ബി-7 ഡെപ്പോസിറ്റ് റിസീവ്ഡിൽ തന്നെയാണ് കാണിച്ചിരിക്കുന്നത്.

9)കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ, ചട്ടം 57 പ്രകാരം സെക്രട്ടറി പൊരുത്തപ്പെടുത്തൽ പത്രിക സാക്ഷ്യപ്പെടുത്തിയിട്ടില്ല. ഓരോ മാസവും അതാതുസമയം തന്നെ സെക്രട്ടറിയുടെ സാക്ഷ്യപ്പെടുത്തലുകൾ നടത്തേണ്ടതാണ്.

10)B-4ൽ ബാധ്യത ഇനത്തിൽ ഉൾപ്പെടുത്തിയ തുകകളുടെ കൃത്യത സാധൂകരിക്കുന്ന രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11)MGNREGS- ഇനത്തിലെ യഥാർത്ഥ ചെലവ് 3,04,50,416രൂപയാണ്. I-6 ൽ ഇത് 3,04,33,616 രൂപയാണ്. 16,800 രൂപയുടെ വ്യത്യാസം. പരിഹരിക്കേണ്ടതാണ്.

12)വിവിധ ഏജൻസികളിൽ ഡെപ്പോസിറ്റ് ചെയ്ത തുകകളിൽ, ബാലൻസ് ഷീറ്റിൽ ആസ്തികളിൽ B-18- ൽ 460500202 എന്ന ഹെഡ്ഡിൽ ഉൾപ്പെടുത്തേണ്ട 8,95,571 രൂപ ഉൾപ്പെടുത്തിയിട്ടില്ല.

13)ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയ ബഡ്ജറ്റ് ഫംഗ്ഷൻ-ഫംഗ്ഷനറി അടിസ്ഥാനത്തിൽ സാംഖ്യാ വാർഷിക കണക്കുമായി താരതമ്യം ചെയ്യാവുന്ന വിധത്തിലല്ല.

## 2-2 ഡി. ആന്റ് ഒ. ലൈസൻസ് പുതുക്കലും ഫീസ് പിരിവും-അപാകതകൾ

സ്വയംഭരണ അധികാരമുള്ള പഞ്ചായത്തിന്റെ ഏതെങ്കിലുമൊരു സ്ഥലം മനുഷ്യന്റെ ജീവനോ സ്വത്തിനോ ആരോഗ്യത്തിനോ അപകടകരമാകാനിടയുള്ള കാര്യങ്ങൾക്ക് ഉപയോഗിക്കുകയാണെങ്കിൽ സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെ പ്രവർത്തിക്കാൻ പാടില്ലാത്തതാകുന്നു. (കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 232). സാമ്പത്തിക വർഷം ആരംഭിക്കുന്നതിന് 30 ദിവസം മുമ്പ് ലൈസൻസ് പുതുക്കേണ്ടതും പുതുതായി ആരംഭിക്കുന്നവയുടെ കാര്യത്തിൽ തുടങ്ങുന്നതിന് 30 ദിവസം മുമ്പും ലൈസൻസിന് അപേക്ഷിക്കേണ്ടതുണ്ട്. പ്രവർത്തിക്കാനാവശ്യമായ ലൈസൻസ് നിശ്ചിത ഫീസീടാക്കിയാണ് (പട്ടിക II, III & IV) പഞ്ചായത്ത് നൽകേണ്ടത് (ചട്ടം 10).

2016-17 സാമ്പത്തിക വർഷത്തെ ലൈസൻസ് സംബന്ധിച്ച സംക്ഷിപ്തം.

| പുതിയതായി അപേക്ഷിച്ചവർ | പുതുക്കുന്നതിനു വേണ്ടി അപേക്ഷിച്ചവർ | | | ആകെ |
|---|---|---|---|---|
| | നിശ്ചിത സമയത്തിനുള്ളിൽ പുതുക്കിയവർ | ചട്ടപ്രകാരമുള്ള സമയംപാലിക്കാതെ വൈകിപുതുക്കിയവർ | പുതുക്കാത്ത അപേക്ഷകർ | |
| 36 | 16 | 269 | - | 321 |

ഗ്രാമ പഞ്ചായത്തിലെ 15 വാർഡുകളിലെ കച്ചവട സ്ഥാപനങ്ങളിൽ ലൈസൻസ് എടുത്തവരുടെ എണ്ണം വളരെ കുറവാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കച്ചവട സ്ഥാപനങ്ങളും ലൈസൻസ് എടുത്തിട്ടുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് വേണ്ടി കേരളാ പഞ്ചായത്ത് രാജ് വകുപ്പ് 205 ബി. അനുസരിച്ച് നികുതിക്ക് വിധേയരായവരുടെ ലിസ്റ്റ് കെട്ടിട/ഭൂമിയുടെ ഉടമസ്ഥനോട് ആവശ്യപ്പെടാവുന്നതും ആയത് ഉറപ്പ് വരുത്തേണ്ടതുമാണ്. എന്നാൽ 2016-17 ൽ ലൈസൻസ് പുതുക്കുന്നതിനു വേണ്ടി ലഭിച്ച അപേക്ഷകളിൽ 94%വും നിശ്ചിത സമയത്തിനു ശേഷമാണ് പുതുക്കിയിട്ടുള്ളത്. ഇത് സെക്ഷൻ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥന്റെ ഭാഗത്ത് നിന്ന് വന്ന വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. മാത്രവുമല്ല പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി

പരിശോധിക്കാൻ സാധ്യമല്ല. അപേക്ഷ സമർപ്പിക്കുന്ന സ്ഥാപനങ്ങൾക്കു മാത്രം ലൈസൻസ് പുതുക്കി നൽകുക എന്ന രീതിയാണ് പഞ്ചായത്ത് അവലംബിച്ചിരിക്കുന്നത്. നിശ്ചിത സമയത്ത് ലൈസൻസ് പുതുക്കാത്തവരിൽ നിന്ന് ചട്ടപ്രകാരമുള്ള നടപടികളെടുത്തതായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ല. ഇത് മൂലം സാമ്പത്തിക വർഷം ആരംഭിക്കുന്നതിന്റെ ഒരു മാസം മുന്നേ ലഭിക്കേണ്ട അപേക്ഷകൾ ലഭിക്കാതിരിക്കുകയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുകയും ചെയ്യുന്നു. ഇതു തിരിച്ചറിയപ്പെടാതെ പോകുന്നതുമൂലം അനുമതി ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്ന സാഹചര്യം ഉടലെടുക്കുകയും നിയമപ്രകാരമല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന സാഹചര്യം ഉണ്ടാവുന്നതിനു കാരണമാകുകയും ചെയ്യുന്നു.

<u>അപേക്ഷകളിലെ അന്വേഷണവും തുടർ നടപടികളും</u>

സ്ഥാപനത്തെ പറ്റിയുള്ള പൂർണ്ണ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ സൂക്ഷ്മ പരിശോധന കൂടാതെ സ്വീകരിക്കരുത്. അപേക്ഷയിൽ അപേക്ഷ നല്കുന്ന തീയതി, ലൈസൻസ് എന്താവശ്യത്തിനാണ് എന്നത്, തുടങ്ങുവാനുദ്ദേശിക്കുന്ന സ്ഥാപനത്തിന് പ്രത്യേക പേര് ഉണ്ടെങ്കിൽ അത്, ലൈസൻസ് പുതുക്കുവാനാണെങ്കിൽ മുൻവർഷത്തെ ലൈസൻസ് നമ്പരും പേരും, കൂടാതെ ഒരു ദിവസത്തെ വിറ്റുവരവും, യന്ത്രമുപയോഗിച്ചാണങ്കിൽ കുതിരശക്തിയുടെ അളവും രേഖപ്പെടുത്തി സമർപ്പിച്ച അപേക്ഷയാണ് സ്വീകരിക്കേണ്ടത്.

<u>സാനിറ്ററി ഫിറ്റ്നസ് സർട്ടിഫിക്കറ്റിന്റെ ലഭ്യത ഉറപ്പാക്കേണ്ടതാണ്.</u>

പഞ്ചായത്ത് പരിധിക്കുള്ളിൽ വരുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുമ്പോൾ മെഡിക്കൽ ഓഫീസർ നൽകുന്ന സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭ്യമാക്കേണ്ടതാണ്. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടറുടെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സാനിട്ടറി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുമ്പോൾ ആയത് ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തന്റെ പേഴ്സണൽ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതുണ്ട് (66562/RC3/12/ത.സ്വ.ഭ.വ. തിയ്യതി 10.01.2013).

<u>അപേക്ഷകളിലെ അപാകതകൾ പരിശോധിക്കപ്പെടുന്നില്ല.</u>

പുതുക്കി നൽകുമ്പോൾ ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥർ സ്ഥലപരിശോധന നടത്തേണ്ടതും അന്വേഷണ റിപ്പോർട്ട് സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. സ്ഥല പരിശോധന നടത്താതെ ലൈസൻസ് പുതുക്കി കൊടുക്കുമ്പോൾ വിറ്റുവരവ് വർദ്ധിച്ചിട്ടുണ്ടോ എന്നും അതു പോലെ അനധികൃതമായി ഒന്നും വിൽപന നടത്തുന്നില്ലാ എന്നും, അപേക്ഷയിൽ പറഞ്ഞ കാര്യങ്ങൾ ശരിയാണന്ന് ഉറപ്പുവരുത്താൻ സാധിക്കുന്നു. നിലവിൽ ഇപ്രകാരമുള്ള നടപടികളിൽ വീഴ്ചയുണ്ടാകുന്നു. സ്ഥലപരിശോധന നടത്തുന്നതിലൂടെ പഞ്ചായത്തിന്റെ ഇടപെടൽ ഈ രംഗത്ത് ഉണ്ടെന്ന് ഉറപ്പു വരുത്താനും ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനും സാധിക്കുന്നു.

ഫെബ്രുവരി മാസത്തിലെ അവസാന പ്രവർത്തന ദിവസം മുൻവർഷം ലൈസൻസ് എടുത്തവർ എല്ലാം പുതുക്കിയിട്ടുണ്ടെന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. പുതുക്കാതെ പ്രവർത്തിക്കുന്നവരുടെ വിവരങ്ങൾ ട്രേഡേഴ്സ് രജിസ്റ്റർ പരിശോധിച്ച് കണ്ടെത്തി നോട്ടീസ് നൽകേണ്ടതാണ്. ലൈസൻസ് പുതുക്കാത്തവരിൽ നിന്നും 1,000 രൂപ പിഴ ഈടാക്കേണ്ടതാണ് (ചട്ടം 26). ലൈസൻസ് വിതരണം കാര്യക്ഷമമാക്കുന്നതിനു വേണ്ടി അടിയന്തിരമായി നടപടികൾ സ്വീകരിക്കേണ്ടതാണ്.

<u>ചട്ടപ്രകാരമുള്ള സമയപരിധിയിൽ പുതുക്കൽ നടപടി സ്വീകരിക്കേണ്ടതാണ്.</u>

ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ല എന്ന് സെക്ഷൻ ഉറപ്പു വരുത്തേണ്ടതാണ്. ചട്ടലംഘനം നടത്തി ലൈസൻസ് വൈകി പുതുക്കാൻ വരുന്നവരിൽ നിന്നും 255ാം വകുപ്പ് പ്രകാരം നടപടി സ്വീകരിച്ച് കുറ്റമറ്റ രീതിയിൽ ലൈസൻസ് വിതരണം നടത്തേണ്ടതാണ്. വർഷത്തിലുടനീളം ലൈസൻസ് പുതുക്കി കൊടുക്കുക വഴി സെക്ഷന് ജോലി ഭാരം വർദ്ധിക്കുകയും സമയ നഷ്ടവും ഉണ്ടാവുകയും ചെയ്യുന്നു. ഇതിനു പകരം ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് (ഫെബ്രുവരി മാസത്തിൽ) ലൈസൻസ് പുതുക്കുന്ന ഒരു സമ്പ്രദായം നിലവിൽ വരേണ്ടതാണ്.

<u>ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല</u>

1998 ലെ കേരളാ പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റെക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും)ചട്ടം3 പ്രകാരം ഗ്രാമ പഞ്ചായത്ത് അതിന്റെ പരിധിയിലുള്ള കച്ചവട സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ (വാർഡ്

അടിസ്ഥാനത്തിൽ) തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. എന്നാൽ പഞ്ചായത്ത് ഇത്തരത്തിലുള്ള ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയ ഒരു ട്രേഡേഴ്സ് രജിസ്റ്റർ സെക്ഷൻ സൂക്ഷിക്കാത്തതിനാൽ പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടുണ്ടോ എന്നത് ഫലപ്രദമായി പരിശോധിക്കാൻ സാധിച്ചില്ല.

*ഇക്കാര്യത്തിൽ അടിയന്തിരമായി പരിഹാര നടപടികൾ സ്വീകരിക്കേണ്ടതാണ്.*

## 2-3 ടെലികോം കമ്പിനികളിൽ നിന്നും വിനിയോഗ ചാർജ് ഈടാക്കുന്നില്ല

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള റോഡുകളുടെ വശങ്ങളിൽ ടെലികോം ഓപ്പറേറ്റർമാർ കേബിളുകൾ ഇടുന്നതിന് (ഭൂമിക്കടിയിലൂടെ/മുകളിലൂടെ) വാടക അഥവാ യൂസർ ഫീസ് ചുമത്തണമെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു.2005-ലെപഞ്ചായത്ത് രാജ് (വസ്തുആർജ്ജിക്കലും കയ്യൊഴിക്കലും)ചട്ടങ്ങളിലെ ചട്ടം 8, ചട്ടം 9(3) സെക്ഷൻ എന്നിവ പ്രകാരം പഞ്ചായത്തിൽ നിക്ഷിപ്തമായിരിക്കുന്ന റോഡുകളുടെ പാർശ്വങ്ങളും നിരത്ത്, തെരുവ് എന്നിവയുടെ മുകളിലൂടെയുള്ള സ്ഥലങ്ങളും പ്രത്യേക വാടക/യൂസർ ഫീസ് ഈടാക്കി പാട്ടത്തിന് നൽകുന്നതിന് അധികാരമുണ്ട്. ഇതനുസരിച്ച് പഞ്ചായത്ത് ഭരണസമിതി കേബിളുകൾ ഇടുന്നതിനുള്ള നിരക്കുകൾ നിജപ്പെടുത്തുകയും ലൈസൻസിയുമായി കരാറിൽ ഏർപ്പെടുകയും വേണം. പഞ്ചായത്ത് പ്രദേശത്ത് നിരവധി ടെലികോം കമ്പിനികളുടെ സേവനം ലഭ്യമാണെങ്കിലും വാടക/യൂസർ ഫീസ് ഈടാക്കിയതായി കാണുന്നില്ല. കേബിളുകൾ ഇടുന്നതിന് വാടക നിജപ്പെടുത്തുകയോ ടെലികോം ഓപ്പറേറ്റർമാരിൽ നിന്നും വാടക/യൂസർ ഫീസ് ഈടാക്കുകയോ ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ അടിയന്തിരമായി പരിശോധനയ്ക്ക് ഹാജരാക്കണമെന്ന് ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം-6/തീയതി 24-08-17) നാളിതുവരെ തുക ഈടാക്കിയിട്ടില്ല എന്ന് മറുപടി നൽകിയിട്ടുണ്ട്. യൂസർ ഫീസ് ഈടാക്കുന്നതിന് യാതൊരു ശ്രമവും പഞ്ചായത്ത് ഇതുവരെ നടത്തിയിട്ടില്ല. ഈ വിഷയം തുടർ നടപടികൾക്കായി ഭരണ സമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-4 തൊഴിൽ നികുതി-അപാകതകൾ

A)ബി.എസ്.എൻ.എൽ സ്ഥാപനത്തിന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയില്ല.

WP(C) No.16670/06 നമ്പർ കേസിന്റെ അന്തിമ വിധിയിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും നികുതി ഈടാക്കേണ്ടതായിരുന്നു. എന്നാൽ 2016-17 വർഷത്തിൽ രണ്ട് അർദ്ധവർഷങ്ങളിലും നികുതി ഈടാക്കിയിട്ടില്ല. നികുതി കുടിശ്ശിക സഹിതം ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 5/24.08.2017).

B)റിട്ടേണുകളിൽ മിനിമം വേതനം കാണിക്കുന്നില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ഐ.സി.ടി ഇംഗ്ലീഷ് മീഡിയം സ്കൂൾ പടന്ന, തിരുമുമ്പ് സ്കൂൾ നടക്കാവ് എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി പത്രികകൾ പരിശോധിച്ചതിൽ അധ്യാപകരുടെ വേതനം വളരെ കുറവ് കണക്കാക്കി പരിധിയിലെ മിനിമം തൊഴിൽനികുതിയാണ് അടവാക്കിയിട്ടുള്ളതെന്ന് ബോധ്യപ്പെട്ടു. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ 14.02.2011 ലെ G.O.(M.S.)No. 36/11 /G.Edn. ഉത്തരവ് പ്രകാരം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന അംഗീകൃത അൺ എയ്ഡഡ് സ്കൂളുകളിലെ അധ്യാപക അനദ്ധ്യാപക ജീവനക്കാരുടെ കുറഞ്ഞ വേതനം 01.01.2011 മുതൽ നിശ്ചയിച്ചിട്ടുണ്ട്. ഹെഡ് മാസ്റ്റർക്ക് 7,000 രൂപയും പ്രൈമറി അധ്യാപകർക്ക് 5,000രൂപയുമാണ് പ്രതിമാസം ശമ്പളം നൽകേണ്ടതെന്ന് ഉത്തരവിൽ വ്യക്തമാക്കിയിട്ടുണ്ട്. കൂടാതെ സി.ബി.എസ്.ഇ. അഫിലിയേഷൻ ബൈലോ 3(V) പ്രകാരം സി.ബി.എസ്.ഇ. സ്കൂളുകളിൽ ജോലി ചെയ്യുന്ന അധ്യാപക- അനദ്ധ്യാപക ജീവനക്കാർക്ക് സംസ്ഥാന സർവീസിലെ ഇതേ കാറ്റഗറികളിൽ ജോലി ചെയ്യുന്ന ജീവനക്കാർക്ക് ലഭിക്കുന്ന വേതനം നൽകണമെന്നും അല്ലാത്ത പക്ഷം കേന്ദ്ര സർക്കാർ നിർദേശിച്ചിട്ടുള്ള ശമ്പളനിരക്ക് നൽകണമെന്നും നിഷ്കർഷിച്ചിട്ടുണ്ട്. (CBSE/AFF./CIRCULARS/2009, CIRCULAR NO. 01, DATED : 29.07.2009). ഉത്തരവുകൾക്ക് അനുസൃതമായി തൊഴിൽനികുതി റിട്ടേണുകൾ പരിശോധിച്ച് തൊഴിൽനികുതി ഡിമാന്റ് ചെയ്യാത്തതിന്റെ കാരണം വ്യകതമാക്കേണ്ടതാണ്.(ഓഡിറ്റ് എൻക്വയറി നം. 7/24.08.2017).

## 2-5 വസ്തുനികുതി അവലോകനം സഞ്ചയ- സാംഖ്യ ഇന്റഗ്രേഷൻ നടപടികൾ കൃത്യതയോടെ പൂർത്തീകരിച്ചിട്ടില്ല.

ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനായും പ്രാവർത്തികമായിട്ടില്ല. സഞ്ചയ സോഫ്റ്റ് വെയറിൽ ഡിജിറ്റൽ അസസ്മെന്റ് രജിസ്റ്റർ പ്രകാരം ഗ്രാമപഞ്ചായത്തിൽ 10,163 കെടിടങ്ങളാണ് നിലവിലുള്ളത്. ഇതിൽ 7,725 വീടുകളും, 1,430 ഷോപ്പുകളും,142 വ്യവസായങ്ങൾക്കുള്ള കെടിടങ്ങളും,107 ഓഫീസ് കെട്ടിടങ്ങളും,12 വിദ്യാഭ്യാസ ആവശ്യത്തിനുള്ള കെട്ടിടങ്ങളും, 6 മൊബൈൽ ടവറുകളും, 4 ഓഡിറ്റോറിയങ്ങളും, 106 ആരാധനാലയങ്ങളും, 11ആശുപത്രികളും, 1കാർഷികാവശ്യ ത്തിനുള്ള കെട്ടിടങ്ങളും നികുതി ഒഴിവാക്കപ്പെട്ടിട്ടുള്ള 619 കെട്ടിടങ്ങളും ഉൾപ്പെടുന്നു. എന്നാൽ സഞ്ചയയിലെ ബേസ് ഡാറ്റ പ്രകാരം 8,650 കെട്ടിടങ്ങളാണുള്ളത്. കെട്ടിടത്തിന്റെ എണ്ണത്തിലുണ്ടായ ഈ വ്യത്യാസത്തിന് കാരണം വ്യക്തമല്ല. കൂടാതെ SRO നം-576/2015 പ്രകാരമുള്ള(12/2015/SDC തീ-07.09.2015) വാർഡ് വിഭജനത്തെ തുടർന്ന് നീലേശ്വരം നഗരസഭയിലേക്ക് കൈമാറിയ 231 കെട്ടിടങ്ങളുടെ ഡിമാന്റ് വിവരം ഇപ്പോഴും സഞ്ചയയിൽ നിലനില്ക്കുന്നുണ്ട്. കൂടുതൽ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

വസ്തു നികുതി നിർണ്ണയം : പൊതുവായ അപാകതകൾ

1)സഞ്ചയയിൽ 2013-14 സാമ്പത്തിക വർഷം മുതൽ നടത്തിയിട്ടുള്ള ഡാറ്റാ എൻട്രിയിൽ അതുവരെ കുടിശ്ശികയുള്ള വസ്തുനികുതി സംബന്ധിച്ച വിവരം ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ നികുതി പുനർ നിർണ്ണയിച്ചപ്പോൾ 14.01.2011 മുതൽ 31.03.2013 വരെയുള്ള കാലയളവിൽ വാർഷിക വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിച്ച കെട്ടിടങ്ങളുടെ നികുതി ച.മീറ്റർ കണക്കാക്കി പുനർ നിർണ്ണയിച്ചിട്ടുണ്ടെങ്കിലും ആയത് മൂലമുള്ള നികുതി വ്യതിയാനം കുടിശ്ശിക ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല. കൂടാതെ ഈ കാലയളവിൽ തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നികുതി നിശ്ചയിച്ച കെട്ടിടങ്ങൾക്ക് 25% അധികം നികുതി വർദ്ധിച്ചതായും കാണുന്നു. സഞ്ചയ പ്രകാരമുള്ള വസ്തുനികുതി ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ സാംഖ്യ പ്രകാരമുള്ള കണക്കുമായി പൊരുത്തപ്പെടുന്നില്ല. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ഇനം | സഞ്ചയ പ്രകാരമുള്ള തുക(അരിയറടക്കം) | സാംഖ്യ പ്രകാരമുള്ളതുക | വ്യത്യാസം |
|---|---|---|---|---|
| 1 | വസ്തുനികുതി ഡിമാന്റ് | 44,67,283 | 51,17,979 | (-)6,50,696 |
| 2 | വസ്തുനികുതി കളക്ഷൻ | 35,28,476 | 34,81,100 | (+)47,376 |
| 3 | വസ്തുനികുതി ബാലൻസ് | 9,38,807 | 16,36,879 | (-)6,98,072 |

വസ്തുനികുതിയിനത്തിൻ ഭീമമായ തുക കുടിശ്ശിക സംബന്ധിച്ച് നൽകിയ ഓഡിറ്റന്വേഷണത്തിന് നൽകിയ മറിപടിയിൽ സ.ഉ(എം.എസ്.) 144/2015/ത.സ്വ.ഭ.വ. തീയതി 27.04.15, സ.ഉ. (എം.എസ്.) 358/2015 /ത.സ്വ.ഭ.വ. തീയതി 16.12.15 പ്രകാരവും വസ്തുനികുതി പരിഷ്കരണം/പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിന്റെ ഡേറ്റാബേസിലുള്ള എൻട്രികൾ വീണ്ടും ഓരോന്നായി പരിശോധിച്ച് ആവശ്യമായ മാറ്റങ്ങൾ വരുത്തണമെന്ന് നിർദ്ദേശിച്ചിരുന്ന എങ്കിലും പഞ്ചായത്തിൽ ഈ പ്രവർത്തികൾ നടപ്പിൽ വരുത്തിയിട്ടില്ലായിരുന്ന എന്നും ഡേറ്റാബേസിലുള്ള എൻട്ടികൾ നിലവിൽ ചെയ്യുവരുന്നതിനാലാണ് ഭീമമായ തുക വസ്തുനികുതിയിനത്തിൻ കുടിശ്ശിക വരുവാൻ കാരണമായത് എന്നും മറുപടി നല്കുകയുണ്ടായി. സഞ്ചയ സോഫ്റ്റ്‌വെയറിലെ ഡാറ്റാബേസിൽ മാറ്റങ്ങൾ വരുത്തിക്കോണ്ടിരിക്കുന്ന സാഹചര്യത്തിൽ വസ്തുനികുതിയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവയുടെ കൃത്യത പരിശോധിക്കുവാൻ ഓഡിറ്റിന് സാധിച്ചിട്ടില്ല.

2)ഗ്രാമപഞ്ചായത്തിൽ സാംഖ്യ-സഞ്ചയ ഇന്റഗ്രേഷൻ നടത്തിയിട്ടുണ്ടെങ്കിലും ആയത് മുഴുവനായും പ്രാവർത്തികമായിട്ടില്ല. 2011 ലെ കേരള പഞ്ചായത്ത് രാജ് വസ്തുനികുതിയും.. സർചാർജ്ജും ചട്ടങ്ങൾ 9(5) പ്രകാരം വാണിജ്യാവശ്യത്തിനോ, ഓഫീസ് ആവശ്യത്തിനോ ഉപയോഗിക്കുന്ന ഒരു ബഹുനില കെട്ടിടത്തിന്റെ കാര്യത്തിൽ ഭൂനിരപ്പിലുള്ള നിലയുടെ മുകളിലുള്ള ഒന്നാം നിലയ്ക്ക് കണക്കാക്കിയ വാർഷിക വസ്തുനികുതിയുടെ 5%, രണ്ടാം നിലയ്ക്ക് 10 % അങ്ങനെ കുറവ് വരുത്താവുന്നതാണ്. എന്നാൽ സഞ്ചയയിൽ ഇതേ നിരക്ക് 6%, 12% എന്നിങ്ങനെയാണ് വരുത്തിയത്. ആയതിന്റെ കാരണം വ്യക്തമല്ല, ഇത് കാരണം വസ്തുനികുതിയിൽ കുറവ് സംഭവിക്കുന്നുണ്ട്. ഉദാഹരണം- കെട്ടിട നം XIV-599 D,E(എ.എം.അബ്ദുൾറഷീദ്, തെക്കേപ്പുറം, പടന്ന).

3)185ച.മീറ്ററിന് മുകളിലും അതിന് താഴെയും വിസ്തീർണ്ണമുള്ള കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയ കെട്ടിടങ്ങൾക്ക് മാറ്റം വരുത്തിയതായും അല്ലാത്തവയ്ക്ക് മാറ്റം വരുത്തിയിട്ടില്ല എന്നും സഞ്ചയ സോഫ്റ്റ്വേറിൽ രേഖപ്പെടുത്തുന്നത് അപേക്ഷകൻ നല്കുന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ മാത്രമാണ്. പഴയ കെട്ടിടങ്ങളിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയ ഭാഗങ്ങളിൽ പുതുക്കിയ നിരക്കിലും പഴയ ഭാഗത്തിന് നിലവിലുള്ള കെട്ടിടമായും കണക്കിലെടുത്താണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്. എന്നാൽ മുൻ വർഷങ്ങളിലെ അസസ്മെന്റ് കൃത്യമല്ലാത്തതിനാൽ മാറ്റം വരുത്തിയ കെട്ടിടങ്ങളാണോ എന്നത് പരിശോധിക്കാൻ രേഖകളില്ല. ഉദാഹരണമായി കെട്ടിട നം. III-12 (കെ.പി അൻവറലി, കെ.പി ഷിഹാബുദ്ദീൻ)-ന് ARV പ്രകാരമാണ് നികുതി നിശ്ചയിച്ചിട്ടുണ്ടായത്. 778.8 ച.മീറ്ററുള്ള പ്രസ്തുത വാണിജ്യ കെട്ടിടത്തിന് 2,592 രൂപയാണ് 2009-10 സാമ്പത്തികവർഷം നികുതി നിശ്ചയിച്ചിരുന്നത് എന്നാൽ പുതുക്കിയ നിരക്കിൽ കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ 84,110 രൂപയായിരുന്നു ഈ കെട്ടിടത്തിന്റെ നിലവിലുണ്ടാകേണ്ട നികുതി, എന്നാൽ നിലവിലുള്ള കെട്ടിടങ്ങളുടെ നികുതി പരിഷ്കരിക്കുമ്പോൾ 100% കൂടുതൽ നികുതി വർദ്ധനവ് ഉണ്ടാകരുതെന്ന ഉത്തരവ് പ്രകാരം ഈ കെട്ടിടത്തിന് 5,184 രൂപ നികുതി നിശ്ചയിക്കുകയാണുണ്ടായത്. ഈ കെട്ടിടം കൂട്ടിച്ചേർക്കലുകൾ വരുത്തിയിട്ടുണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല. ARV പ്രകാരമായാലും ഈ വാണിജ്യ കെട്ടിടത്തിന് 2,592 രൂപ നികുതി നിശ്ചയിച്ചത് 778.8 ച.മീറ്ററുള്ളപ്പോൾ തന്നെയാണോ എന്നതും പരിശോധിക്കപ്പെടേണ്ടതാണ്.

4)2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം

3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിലും, 'ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ (2)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തുനികുതി തിട്ടപ്പെടുത്തേണ്ടതാണ്'' എന്ന് നിഷ്കർഷിച്ചിരിക്കുന്നു. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ(ആർ.ഡി.)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ചതുരശ്രമീറ്ററിന് 40/-രൂപയായും, 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും,200 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 80/-രൂപയുമാണ് പഞ്ചായത്തിൽ (ബി.4/3046/11 തീയ്യതി 17.09.2011 പ്രകാരം അന്തിമ വിജ്ഞാപനം) നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ 2016 ഡിസംബർ വരെ ഒരേ ഉടമസ്ഥന്റെ പേരിലുള്ള വാണിജ്യാവശ്യത്തിനുള്ള, 100 ച.മീ. കൂടുതൽ തറവിസ്തീർണ്ണമുള്ള കെട്ടിടത്തെ വിവിധ കടമുറികളായി വിഭജിച്ച് നികുതി നിർണയിക്കുകയും ഓരോ മുറിക്കും 100 ച.മീ. താഴെയുള്ള കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണത്തിന് നിശ്ചയിച്ചിട്ടുള്ള നിരക്കിൽ വസ്തുനികുതി കണക്കാക്കി നൽകുകയും ചെയ്തിട്ടുണ്ട്. വസ്തു നികുതി പരിഷ്കരണം പൂർത്തിയാക്കി ഇ- പേമെന്റ് ഇനീഷ്യേറ്റ് ചെയ്ത സാഹചര്യത്തിൽ വസ്തുനികുതി പരിഷ്കരണത്തിനു ശേഷമുള്ള മുഴുവൻ വാണിജ്യകെട്ടിടങ്ങളുടെയും നികുതി പുനപ്പരിശോധിക്കേണ്ടതും ഇതേ രീതിയിൽ നികുതി ഈടാക്കിയതിൽ കുറവു വന്നിട്ടുണ്ടെങ്കിൽ ഡിമാന്റിൽ വ്യത്യാസം വരുത്തി തുടർ നഷ്ടം ഒഴിവാക്കേണ്ടതുമാണ്. ഒരു ഉദാഹരണം താഴെ കൊടുക്കുന്നു

ഉടമസ്ഥന്റെ പേര് -- വി.കെ.ഹാരിസ് & വി.കെ.സലീം

കെട്ടിട നമ്പർ -- Ward No V-510 A മുതൽ 510 D വരെ

കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം(m2)-GF-88.68

FF-265.19

Completion dt- 11.02.2016- വാണിജ്യകെട്ടിടം.

| കെട്ടിടത്തിന്റെ നിലകളുടെ വിവരം | കെട്ടിടത്തിന് നിശ്ചയിച്ച നികുതി നിരക്ക് | | | | കെട്ടിടത്തിന് നിശ്ചയിക്കേണ്ടിയിരുന്ന നികുതി നിരക്ക് | | | | കുറവ് വന്ന തുക |
|---|---|---|---|---|---|---|---|---|---|
| | നികുതി | വർദ്ധന | ഇളവ് | ആകെ | നികുതി | വർദ്ധന | ഇളവ് | ആകെ | |
| G.F- 88.68 M2 | 40 X 88.68 = 3,547 | 20%= 709 | -- | 4,256+LC | 60 X 88.68 = 5,321 | 20%= 1,064 | -- | 6385 +LC | 2,129+LC |
| G.F- 265.19 M2 | 40 X 265.19= 10,608 | 20%= 2,121 | 5%=636 | 12,093+LC | 60X 265.19=15,912 | 20%= 3,182 | 5%= 955 | 18139+ LC | 6,046+LC |

11.2.2016 -മുതലാണ് വസ്തുനികുതി അസ്സസ്സ്മെന്റ് ചെയ്തിട്ടുള്ളത്, ആയത്കൊണ്ട് 2016-17 വർഷം മുതലാണ് നികുതി അടക്കേണ്ടത് . വസ്തു നികുതിയിനത്തിൽ കുറവു വന്ന തുക പുതുക്കി ക്രമീകരിക്കേണ്ടതാണ്.

5)ഗ്രാമപഞ്ചായത്തിൽ ഇ-പേയ്മെന്റ് ആക്ടിവേറ്റ് ചെയ്തിട്ടുണ്ട്. ഇ-പേയ്മെന്റ് സംവിധാനം ഉപയോഗപ്പെടുത്തി നികുതി അടവാക്കുന്നതിന് ജനങ്ങൾ വിമുഖത കാണിക്കുന്നു. പ്രത്യേക യൂസർ നെയിം, പാസ്സ് വേർഡ് എന്നിവ ഉണ്ടാക്കേണ്ടതുള്ളതിനാൽ ഇതിന് ജനങ്ങൾ തയ്യാറാകുന്നില്ല എന്ന് കാണുന്നു. ഇന്ന് വരെ 1 രൂപ മാത്രമാണ് ഇ-പേയ്മെന്റ് ഇനത്തിൽ വരവ് വന്നിട്ടുള്ളത്.

6)സ.ഉ. (എം.എസ്.) നം. 144/15/ ത.സ്വ.ഭ.വ. തിയ്യതി 27/04/2015 പ്രകാരം, 660 സ്ക്വയർ ഫീറ്റ് വരെ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഒരു പഞ്ചവർഷ അസസ്സ്മെൻറ് കാലയളവിലേയ്ക്ക് ഇപ്രകാരം നികുതി ഒഴിവ് നല്കുന്നതിന് ഉടമസ്ഥന്റെ സത്യവാങ്മൂലം സെക്രട്ടറി വാങ്ങി കർശനമായും സൂക്ഷിക്കേണ്ടതാണ്. എന്നാൽ 2016-17 ൽ മേൽ സൂചിപ്പിച്ച പ്രകാരം അപേക്ഷകർ സമർപ്പിച്ച സത്യവാങ്മൂലം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. 51 കെട്ടിടങ്ങൾക്കാണ് സഞ്ചയ പ്രകാരം ഈ വർഷം നികുതിയിളവ് അനുവദിച്ചിട്ടുള്ളത്.

7)വിമുക്ത ഭടൻമാരുടെ ഭവനങ്ങളുടെ വീട്ടുകരം ഒഴിവാക്കൽ--വിമുക്ത ഭടൻമാരുടെയോ അവരുടെ ഭാര്യ/ വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/ അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന വീട്ടുകളുടെ വസ്തു നികുതി ഒഴിവാക്കിയത് സംബന്ധിച്ച് 02.07.2013 ലെ ജി.ഒ.(എം.എസ്.) നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം, മറ്റൊരു കെട്ടിടത്തിനും നികുതിയിളവ് ലഭിക്കുന്നില്ലെന്നുള്ള സത്യവാങ്മൂലം വെള്ളക്കടലാസിൽ അപേക്ഷയോടൊപ്പം വാങ്ങേണ്ടതാണ്.നികുതി ഇളവ് അനുവദിക്കുന്ന വിവരം വിമുക്ത ഭടന്റെ ഡിസ്ചാർജ്ജ് സർട്ടിഫിക്കേറ്റിലോ, സർവീസ് രേഖയിലോ രേഖപ്പെടുത്തി മുദ്ര വെച്ച് നൽകേണ്ടതാണ്. എന്നാൽ 2016-17 ൽ അനുവദിച്ച അപേക്ഷകളിൽ മേൽപ്പറഞ്ഞ നടപടി ക്രമങ്ങൾ പാലിച്ചിട്ടില്ല.

8)വസ്തു നികുതി അസസ്സ്മെന്റ് രജിസ്റ്റർ, ഡിമാൻഡ് രജിസ്റ്റർ, വേക്കൻസി റമിഷൻ, ഡിമോളിഷ്ഡ് ബിൽഡിംഗ് രജിസ്റ്റർ, റൈറ്റ് ഓഫ് രജിസ്റ്റർ തുടങ്ങിയവയൊന്നും പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. നികുതി നിർണ്ണയവുമായി ബന്ധപ്പെട്ട ഏതാനും ഫയലുകൾ പരിശോധിച്ചതിൽ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 3 മേഖലകളായിതിരിച്ച് മേഖല, വഴി സൗകര്യം, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാനനികുതിയിൽ ഇളവുകളും, വഴിസൗകര്യം, തറ നിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതി നിർണ്ണയിക്കുന്നത്. 5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾക്കൊണ്ട് തറനിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തൃതിയുള്ളതമായ കെട്ടിടങ്ങൾക്ക്15% ,കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% അടിസ്ഥാനനികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ നികുതിനിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാവിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നില്ല. പ്രത്യേകിച്ച് നികുതിവർദ്ധനവിന് പരിഗണിക്കേണ്ട കാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴിസൗകര്യമുണ്ടോ, ഉണ്ടെങ്കിൽ ആയതിന്റെ വീതി, ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം, എയർകണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ 2016-17 വർഷത്തെ ഫയലിൽ റിപ്പോർട്ട് ചെയ്തതായി കാണുന്നില്ല. ആയത് പരിഹരിക്കേണ്ടതാണ്.

9)സേവനങ്ങൾ നൽകുന്നതിന് നിയമപ്രകാരമുള്ള ഉപനികുതി ഈടാക്കുന്നില്ല-1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 200(2), 2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ ചട്ടം.26 എന്നിവ അനുസരിച്ച് ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രദേശത്ത് ശുചിത്വ പരിപാലനം, ജലവിതരണം, സ്കാവൻജിംഗ്, തെരുവ് വിളക്കുകളും ഡ്രെയിനേജും എന്നിവയ്ക്ക് ഗ്രാമപഞ്ചായത്ത് സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ളിടത്തെല്ലാം നിർണ്ണയിക്കപ്പെട്ട കുറഞ്ഞ നിരക്കിന് വിധേയമായി പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന നികുതി ചുമത്താവുന്നതാണ്. മേൽ പരാമർശിച്ച ചട്ടം 27, 28, 29 പ്രകാരം പഞ്ചായത്ത് പരിധിയിൽ സേവന ഉപനികുതി ചുമത്തൽ, ഈടാക്കേണ്ട സേവനഉപനികുതിയുടെ കുറഞ്ഞ നിരക്കുകൾ, പ്രത്യേക സൌകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഫീസ് ഈടാക്കൽ എന്നിവ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇങ്ങനെയുള്ള സേവനങ്ങൾക്ക് ഈടാക്കാവുന്ന

സേവനഉപനികുതി ഈടാക്കുന്നതിനായി പഞ്ചായത്തിൽ ഓഡിറ്റ് കാലയളവ് വരേയും നടപടികൾ സ്വീകരിച്ചിട്ടില്ല.

10)സ.ഉ.(എം.എസ്) നം.358/15ത.സ്വ.ഭ.വ. പ്രകാരം വസ്തുനികുതി പരിഷ്കരണ/പുനക്രമീകരണ നടപടികൾ 2015 ഡിസംബർ 31ന് മുമ്പ് എല്ലാ ഗ്രാമപഞ്ചായത്തുകളും പൂർത്തീകരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുള്ളതാണ്. ടി നിർദ്ദേശം നാളിതുവരെയും പാലിക്കാത്തത് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുള്ള ഗുരുതരമായ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. വസ്തുനികുതി പരിഷ്കരണം/ പുനക്രമീകരണം നടത്തുന്നതിനാവശ്യമായ മാറ്റങ്ങൾ സഞ്ചയ സോഫ്റ്റ്‌വെയറിൽ വരുത്തുന്നതിനാവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിച്ച് വസ്തുനികുതിയുടെ ഡിമാന്റ് , കളക്ഷൻ, ബാലൻസ് എന്നിവടെ കൃത്യത ഉറപ്പുവരുത്തി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 ബിൽഡിംഗ് പെർമിറ്റ്-തുടർനടപടികൾ സ്വീകരിക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 17(1) പ്രകാരം ഒരു ബിൽഡിംഗ് പെർമിറ്റിന്റെ കാലാവധി അത് ഇഷ്യൂ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷക്കാലമാണ്. കാലാവധി അവസാനിക്കുന്നതിന് മുൻപ് പെർമിറ്റ് പുതുക്കുന്നതിന് അപേക്ഷ സമർപ്പിച്ചാൽ മൂന്ന് വർഷത്തേക്ക് വീതം രണ്ട് തവണ സെക്രട്ടറിക്ക് പെർമിറ്റ് പുതുക്കി നൽകാവുന്നതാണ്. പെർമിറ്റ് കാലയളവിനുള്ളിൽ തന്നെ നിർമ്മാണം പൂർത്തിയാക്കുന്ന കേസിൽ, കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുന്ന മുറയ്ക്ക് നിർമ്മാണം പരിശോധിച്ച് ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് നൽകുകയും തറവിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുകയും ചെയ്യും.

ബിൽഡിംഗ് പെർമിറ്റ് വിതരണം സംബന്ധിച്ച രജിസ്റ്റർ പരിശോധിച്ചതിൽ, പെർമിറ്റ് വിതരണം ചെയ്തതിന് ശേഷമുള്ള തുടർനടപടികൾ വീക്ഷിക്കുന്നതിന് പഞ്ചായത്തിന് സംവിധാനം ഇല്ലായെന്ന് വ്യക്തമാകുന്നു. ഒരു നിർമ്മാണത്തിന് പെർമിറ്റ് നൽകിക്കഴിഞ്ഞാൽ പിന്നീട് കെട്ടിടത്തിന്റെ ഉടമസ്ഥൻ കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കുമ്പോൾ മാത്രമാണ് ഈ ഫയലിൽ വീണ്ടും നടപടി സ്വീകരിക്കുന്നത്. പെർമിറ്റുകളുടെ കാലാവധി കഴിഞ്ഞിട്ടും കംപ്ലീഷൻ സർട്ടിഫിക്കേറ്റ് ഹാജരാക്കാത്ത നിർമ്മാണങ്ങൾ കണ്ടെത്തി, നിർമ്മാണം പൂർത്തിയായിട്ടില്ലെങ്കിൽ നിശ്ചിത ഫീസ് ഈടാക്കി കാലാവധി ദീർഘിപ്പിച്ച് പെർമിറ്റ് പുതുക്കി നൽകുന്നതിനോ കെട്ടിടനിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ഒക്കുപ്പൻസി സർട്ടിഫിക്കേറ്റ് അനുവദിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതിനോ നടപടി സ്വീകരിക്കുന്നില്ല. കെട്ടിടം പണി പൂർത്തിയാക്കുകയോ ഏതെങ്കിലും ആവശ്യത്തിന് ഉപയോഗിക്കുകയോ ഇതിൽ ഏതാണോ ആദ്യം വരുന്നത് അന്നുമുതൽ കെട്ടിടത്തിന് വസ്തുനികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് കാലാവധി കഴിഞ്ഞ കെട്ടിടങ്ങൾ കണ്ടെത്തി നടപടി സ്വീകരിക്കാതിരിക്കുന്നത് മൂലം പഞ്ചായത്തിന് രണ്ട് വിധത്തിൽ വരവ് നഷ്ടമുണ്ടാകുന്നു. നിർമ്മാണം പൂർത്തീകരിച്ചില്ലെങ്കിൽ പെർമിറ്റ് പുതുക്കി നൽകുന്നതിന് ഫീസായി ഈടാക്കേണ്ട തുകയും, നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ യഥാസമയം വസ്തുനികുതിയിനത്തിൽ ഈടാക്കേണ്ട തുകയും. പഞ്ചായത്തിലെ 2009-10 മുതലുള്ള കെട്ടിട അപേക്ഷ രജിസ്റ്റർ പരിശോധിച്ചതിൽ നിർമ്മാണാനുമതിയുടെ 3 വർഷം സാധുതാ കാലയളവ് അവസാനിച്ചതിനു ശേഷവും അനവധി കെട്ടിടങ്ങളുടെ പൂർത്തീകരണ വിവരം രേഖപ്പെടുത്താതെയും നിർമ്മാണാനുമതികൾ നീട്ടി നൽകാതെയും പുതുക്കാതെയും തുടരുന്നതായി കാണുന്നു. ഈ കെട്ടിടങ്ങൾ പൂർത്തീകരിച്ചതായോ, നിർമ്മാണാനുമതിയുടെ സാധുതാ കാലയളവിനുള്ളിൽ അനുമതി നീട്ടി നൽകിയതായോ സാധുതാ കാലവളവ് അവസാനിച്ച ശേഷം അനുമതി പുതുക്കിയതായോ രേഖപ്പെടുത്തിയിട്ടില്ല. സാധുതാ കാലയളവ് അവസാനിച്ച ശേഷവും പുതുക്കാതെയും കാലാവധി നീട്ടി നൽകാതെയും തുടരുന്ന കെട്ടിട നിർമ്മാണ അനുമതികളിന്മേൽ പഞ്ചായത്ത് യാതൊരു നടപടികളും കൈക്കൊണ്ടിട്ടില്ല .പെർമിറ്റ് കാലാവധി കഴിഞ്ഞ സൈറ്റുകൾ പരിശോധിച്ച് നിർമ്മാണം പൂർത്തീകരിച്ചതാണോ എന്ന വിവരം ഉറപ്പാക്കേണ്ടതും സമയബന്ധിതമായി കംപ്ലീഷൻ പ്ലാൻ ഫയൽ ചെയ്ത് വസ്തു നികുതി അടവാക്കാൻ സന്നദ്ധരാകാത്ത കെട്ടിട ഉടമകൾക്കെതിരേ നിയമാനുസൃത നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 അനധികൃത കെട്ടിടനിർമ്മാണം-രജിസ്റ്റർ പരിപാലിക്കുന്നതിൽ അപാകത

പഞ്ചായത്ത് പരിധിക്കുള്ളിലുള്ള അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ആധികാരികമായി രജിസ്റ്റർ എഴുതി സൂക്ഷിക്കുന്നില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച് ഗാർഹിക കെട്ടിടങ്ങളുടെ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് ഉപയോഗിക്കുന്ന രജിസ്റ്റർ മാത്രമാണ് നിലവിലുള്ളത്. ഒരു വാണിജ്യകെട്ടിടം പോലും ഈ രജിസ്റ്ററിൽ ഉൾപ്പെട്ടിട്ടില്ല. 124 ഗാർഹിക കെട്ടിടങ്ങളാണ് രജിസ്റ്ററിൽ നിലവിലുള്ളത്. രജിസ്റ്ററിലെ ഒരു രേഖപ്പെടുത്തൽ പോലും മേലധികാരികൾ കണ്ട് സാക്ഷ്യപ്പെടുത്തിയിട്ടില്ല. അനധികൃത നിർമ്മാണങ്ങളെ സംബന്ധിച്ച തുടർനടപടികൾ ഒന്നും രജിസ്റ്ററിൽ രേഖപ്പെടുത്തുന്നില്ല. അനധികൃത നിർമ്മാണത്തിന്റെ വിശദാംശങ്ങൾ, ഏത് നിയമമാണ് ലംഘിച്ചിരിക്കുന്നത് എന്നിവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. സംസ്ഥാനത്ത് ദിനം പ്രതി വർദ്ധിച്ച് വരുന്ന അനധികൃത നിർമ്മാണങ്ങൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതാണ്. ചീഫ് ടൗൺ പ്ലാനർ (വിജിലൻസ്) നടത്തിയ പരിശോധനകളിൽ അനധികൃത നിർമ്മാണവുമായി ബന്ധപ്പെട്ട വിവരങ്ങൾ പല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയതിനെ തുടർന്ന് 19.05.2014-ലെ 29342/ആർ.എ.1/2014/ ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം സർക്കാർ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുള്ളതാണ്. അനധികൃത നിർമ്മാണം സംബന്ധിച്ച കൃത്യമായ രേഖകൾ സൂക്ഷിക്കാതിരിക്കുന്നത് അനധികൃത നിർമ്മാണങ്ങൾക്കെതിരെ യഥാസമയം നടപടി സ്വീകരിക്കാതെയും, ക്രമവൽക്കരിക്കാതെയും അവ കാലക്രമത്തിൽ നിയമാനുസൃത നിർമ്മാണങ്ങളാകുന്നതിന് വഴി ഒരുക്കുന്നു. സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ച് അനധികൃത നിർമ്മാണങ്ങൾക്ക് എതിരെ നടപടി ത്വരിതപ്പെടുത്തേണ്ടതാണ്.

## 2-8 ഇ. ടെണ്ടർ മുഖേന ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടില്ല

തൻ വർഷം ഇ-ടെണ്ടർ മുഖേന ഗ്രാമ പഞ്ചായത്ത് ടെണ്ടർ ചെയ്ത പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില, വാറ്റ് തുടങ്ങിയ ഇനങ്ങളിലൂടെ ലഭിക്കുന്ന തുകകൾ കാസറഗോഡ് ജില്ലാ പഞ്ചായത്ത് എൽ.എസ്.ജി.ഡി. ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലാണ് വരവ് വന്നിരിക്കുന്നത്. ഗ്രാമ പഞ്ചായത്തിൽ ലഭ്യമായ കണക്കനുസരിച്ച് 2016-17 വർഷം ഇ-ടെണ്ടർ മുഖേന ടെണ്ടർ നടത്തിയ പഞ്ചായത്ത് ഓഫീസ് നവീകരണം, ചൊക്കിക്കണ്ടം കെ.കെ.സി. റോഡ് ടാറിംഗും ഡ്രൈനേജ് നിർമ്മാണം എന്നീ പൊതു മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറം വില 9,700/- രൂപയുണ്ട്. ഈ തുക ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ എഞ്ചിനീയറിൽ നിന്നും തിരികെ ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 പ്രൊജക്ടുകൾ സമയബന്ധിതമായി നടപ്പിലാക്കാത്തത് മൂലം പഞ്ചായത്തിന് 91.41 ലക്ഷം വിനിയോഗിക്കാൻ സാധിച്ചില്ല.

വികസന പ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനായി 2016-17 സാമ്പത്തിക വർഷം ഗ്രാമ പഞ്ചായത്തിന് സംസ്ഥാന സർക്കാരിൽനിന്നും വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ലോക ബാങ്ക് ധന സഹായം, ധനകാര്യ കമ്മീഷൻ ഗ്രാന്റ് എന്നീ ഇനങ്ങളിൽ ആകെ 2.65 കോടി രൂപ (₹ 2,65,35,057/-) അനുവദിച്ചിട്ടുണ്ട്. ഇതിൽ 1.74 കോടി രൂപ (₹1,73,93,737/-) മാത്രമാണ് ഗ്രാമ പഞ്ചായത്ത് തൻവർഷം വിനിയോഗിച്ചത്. സമയബന്ധിതമായി പ്രൊജക്ടുകൾ നടപ്പാക്കാത്തതിനാൽ 91.41ലക്ഷം രൂപ(₹ 91,41,320/-) വിനിയോഗിക്കാൻ സാധിച്ചില്ല. അതായത് വികസന പ്രവർത്തനങ്ങൾക്ക് ഗ്രാമ പഞ്ചായത്തിന് തൻവർഷം അനുവദിച്ച തുകയുടെ 34.45% തുകയും ചെലവ് ചെയ്യാത്തതിനാൽ ലാപ്സാവുകയാണുണ്ടായത്. (ഫണ്ട് വിനിയോഗത്തിന്റെ വിശദാംശം ചുവടെ ചേർക്കുന്നു).

| ഫണ്ടിനം | അനുവദിച്ച തുക | വിനിയോഗിച്ച തുക | ലാപ്സായ തുക | വിനിയോഗ ശതമാനം |
|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 85,53,397 | 78,86,633 | 6,66,764 | 92.20 |
| വികസനഫണ്ട് എസ്.സി.പി | 30,45,300 | 28,90,813 | 1,54,487 | 94.92 |
| വികസഫണ്ട് ടി.എസ്.പി | 56,028 | 0 | 56,028 | 0 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 47,96,373 | 24,36,927 | 23,59,446 | 50.80 |
| പെർഫോമൻസ് ഗ്രാന്റ് | 25,77,170 | 8,55,943 | 17,21,227 | 33.21 |
| സംരക്ഷണഗ്രാന്റ് (റോഡ്) | 49,56,441 | 11,07,422 | 38,49,019 | 22.34 |
| സംരക്ഷണഗ്രാന്റ്- (നോൺറോഡ്) | 25,50,348 | 22,15,999 | 3,34,349 | 86.89 |
| ആകെ | 2,65,35,057 | 1,73,93,737 | 91,41,320 | 65.55 |

2016-17 സാമ്പത്തിക വർഷം ആകെ 116 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചെങ്കിലും 82 പദ്ധതികൾ മാത്രമാണ് തൻവർഷം നടപ്പിലാക്കിയത്. അതായത് അംഗീകാരം ലഭിച്ച പദ്ധതികളുടെ 69% മാത്രമാണ് നടപ്പിലാക്കിയത്. തൻവർഷം 52പൊതുമരാമത്ത് പ്രവൃത്തികളാണ് അംഗീകരിച്ച പദ്ധതി പ്രകാരം നടപ്പാക്കേണ്ടിയിരുന്നത് എന്നാൽ 29 മരാമത്ത് പ്രവൃത്തികൾ മാത്രമേ നടപ്പാക്കാൻ സാധിച്ചുള്ളു. ഈ 29 പദ്ധതികളിൽ ടാറ് വാങ്ങുന്നതിനായി മുൻകൂർ നൽകുന്നതിനായി മാത്രം പണം ചെലവഴിച്ച 15 പദ്ധതികളും ഉൾപ്പെടുന്നു. അംഗീകരിച്ച പദ്ധതി പ്രകാരം നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ 2,21,62,975/- രൂപ ആകെ അടങ്കലുള്ള പദ്ധതികൾക്കായി പണം വകയിരുത്തിയിരുന്നുവെങ്കിലും യഥാർഥ ചെലവ് 33,66,660/- രൂപ മാത്രമാണ്. തൻവർഷം വകയിരുത്തിയ തുകയുടെ 15.19% മാത്രമാണ് അസിസ്റ്റന്റ് എഞ്ചിനീയർ ചെലവഴിച്ചത്. ടാർ വാങ്ങി നൽകുന്നതിലുണ്ടായ കാലവിളംബം മൂലം റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികളിൽ ഒന്നും തന്നെ തൻവർഷം നടപ്പിലാക്കാൻ സാധിച്ചിട്ടില്ല. നിർവ്വഹണോദ്യോഗസ്ഥൻമാരായ സെക്രട്ടറിക്ക് തൻവർഷം വകയിരുത്തിയ തുകയുടെ 73.18% മാത്രമാണ് ചെലവഴിക്കാൻ സാധിച്ചത്. അതുപോലെ, വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറിന്റെ ചെലവ് 44.6% മാത്രമാണ്. ഇക്കാരണങ്ങളെല്ലാം ഫണ്ട് ലാപ്സാവുന്നതിന് കാരണങ്ങളായി.

ഗ്രാമ പഞ്ചായത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനും മറ്റ് വികസന ആവശ്യങ്ങൾക്കും വേണ്ടി ഉപയോഗപ്പെടുത്താമായിരുന്ന തുകയാണ് പദ്ധതി നിർവ്വഹണത്തിന്റെ കാര്യക്ഷമത ഇല്ലായ്മയും വേഗതക്കുറവും കാരണം നഷ്ടപ്പെടാനിടയായത്. ഗ്രാമ സഭകളിൽ നിന്ന് ഉയർന്ന് വരുന്ന ഓരോ പദ്ധതികളും ഫലപ്രദമായി നടപ്പാക്കുന്നത് പഞ്ചായത്തിന്റെ ഉത്തരവാദിത്തമാണ്. പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത ഇല്ലായ്മ ജനങ്ങളെ ഗ്രാമ സഭകളിൽ നിന്നും, ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളിൽ പങ്കാളികളാവുന്നതിൽ നിന്നും പിന്നോട്ട് നിൽക്കുന്നതിന് കാരണമാകുന്നതാണ്. ജനങ്ങളുടെ സഹകരണത്തോടെ ഗ്രാമ സഭകളും വർക്കിങ് ഗ്രൂപ്പുകളുമൊക്കെ ഫലപ്രദമായി ഉപയോഗപ്പെടുത്തി ലഭ്യമായ ഫണ്ടുകൾ മുഴുവൻ വികസന പ്രവൃത്തികൾക്കായി ഉപയോഗപ്പെടുത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. സർക്കാർ ഉത്തരവുകൾക്കും നിർദ്ദേശങ്ങൾക്കുമനുസരിച്ച് പ്രൊജക്ടുകൾ സമയബന്ധിതമായി രൂപീകരിച്ച് ഭരണ സമിതിയും, നിർവ്വഹണോദ്യോഗസ്ഥന്മാരും, ജീവനക്കാരും ഒത്തൊരുമിച്ച് പ്രവൃത്തിച്ച് പദ്ധതി പണം മുഴുവൻ ചെലവഴിക്കാൻ ഊർജ്ജിത ശ്രമം നടത്തേണ്ടതാണ്.

## 3-2 ടാർ ലഭ്യമാക്കാൻ വൈകി- റോഡ് ടാറിംഗ് /റീ ടാറിംഗ് പ്രവൃത്തികൾ 2016-17 വർഷം നടപ്പിലാക്കിയിട്ടില്ല.

10.02.2017 ലെ സർക്കാർ സർക്കുലർ നം. 75/ഡി.എ.1/2017/ത.സ്വ.ഭ.വ. പ്രകാരം, 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച റോഡ് ടാറിംഗ്/റീ ടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമായ ടാറും എമൽഷനും കരാറുകാർ ആവശ്യപ്പെടുന്ന പക്ഷം പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകേണ്ടതുണ്ട്. പടന്ന ഗ്രാമപഞ്ചായത്ത് പരിധിയിൽ 2016-17 വർഷം നടപ്പാക്കാനുദ്ദേശിച്ച 15 റോഡ് ടാറിംഗ് /റീടാറിംഗ് പ്രവൃത്തികൾക്ക് ആവശ്യമുള്ള ടാറും

എമൽഷനും പഞ്ചായത്ത് സെക്രട്ടറി വാങ്ങി നൽകണമെന്ന് തീരുമാനിക്കുകയും ഇതിനായി വിവിധ ഫണ്ടുകളിൽ നിന്നായി ആകെ 7,25,373/- രൂപ സെക്രട്ടറി ഓയിൽ കമ്പനികൾക്ക് മുൻകൂർ ആയി നൽകിയിട്ടുമുണ്ട്. 2017 മാർച്ച് മാസത്തിലാണ് സെക്രട്ടറി ഓയിൽ കമ്പനികൾക്ക് തുക മുൻകൂർ ആയി നൽകിയത്. എന്നാൽ ഈ മാസങ്ങളിൽ ടാറോ എമൽഷനോ പഞ്ചായത്തിന് ലഭിച്ചിട്ടില്ല. പഞ്ചായത്ത് ഓർഡർ ചെയ്ത സാമഗ്രികൾ ലഭിച്ചത് 2017 ഏപ്രിൽ മാസാരംഭത്തിലാണ്. അതു കൊണ്ടു തന്നെ 2016-17 വർഷം നടപ്പിലാക്കാനുദ്ദേശിച്ച 15 റോഡ് ടാറിംഗ് /റീ ടാറിംഗ് പ്രവൃത്തികളിൽ ഒന്നും തന്നെ തൻവർഷം നടപ്പിലാക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടില്ല.

27.02.2017 ലെ ത.സ്വ.ഭ.വ. സർക്കുലർ നം. 114/ഡി.എ.1/2017 പ്രകാരം, ടാർ വാങ്ങി നൽകുന്നതിന് അവലംബിക്കേണ്ട രീതി സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്. ഈ സർക്കുലർ പ്രകാരം ടാർ വാങ്ങി നൽകുന്നതിൽ ഉണ്ടാവുന്ന കാലവിളംബത്തിന് നിർവഹണ ഉദ്യോഗസ്ഥന്മാർ പൂർണ ഉത്തരവാദികൾ ആയിരിക്കുന്നതാണ് എന്നും, ടാർ വാങ്ങി നൽകുന്നതിലെ കാലവിളംബം മൂലം റോഡ് വർക്കുകൾ പൂർത്തിയാവാതെ വരുകയോ സ്പിൽ ഓവർ ആവുകയോ ചെയ്താൽ അത്തരം വീഴ്ചകൾക്ക് ഉത്തരവാദിയായ ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടികൾ സ്വീകരിക്കുന്നതുമാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ 2016-17 വ്രഷത്തെ 15 പദ്ധതികളിൽ ഒന്നു പോലും തൻവർഷം പൂർത്തിയാക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

ടാറും എമൽഷനും ലഭിച്ചതിന് ശേഷം മെയ് അവസാനത്തോടു കൂടി 14 പ്രവൃത്തികൾ നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടെന്ന് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ വിശദീകരിക്കുകയുണ്ടായി. ഇനിയും പ്രവൃത്തി ആരംഭിച്ചിട്ടില്ലാത്ത മാച്ചിക്കോട് കോളനി റോഡ് ടാറിംഗ് പ്രവൃത്തി പൂർത്തീകരിക്കാനവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 മെറ്റലിംഗ് പ്രവൃത്തി ചെയ്ത റോഡുകൾ സമയബന്ധിതമായി ടാറിംഗ് നടത്തിയിട്ടില്ല

2016-17 വർഷത്തിൽ ഗ്രാമ പഞ്ചായത്തിൽ താഴെ പറയുന്ന റോഡുകളുടെ മെറ്റലിംഗ് (base course) പ്രവൃത്തി ചെയ്തിട്ടുണ്ട്.

| ക്രമ നം | പദ്ധതിയുടെ വിവരം | ചെലവ് തുക | ട്രഷറി ബിൽ നമ്പർ,തീയതി. | റിമാർക്സ് |
|---|---|---|---|---|
| 1 | ഓരി ബോട്ട് ജെട്ടി റോഡ് സോളിംഗ് (പ്രൊജക്റ്റ് നം.29/17).<br>എം.ബുക്ക് നം-134/15-16 | ₹ 2,49,717/- | 27/16-17<br>തീ: 31.03.2017 | ഈ പ്രവൃത്തി പ്രകാരം 216 മീ. നീളത്തിലും 3.2മീ. വീതിയിലും (ചെയിനേജ് 0/270 മുതൽ 0/486 വരെ) മെറ്റലിംഗ് (base course) നടത്തിയിട്ടുണ്ട്. |
| 2 | ഓരി വിഷ്ണുമൂർത്തി ക്ഷേത്രം മുതൽ പടിഞ്ഞാറോട്ട് റോഡ് സോളിംഗ് (പ്രൊജക്റ്റ് നം.30/17).<br>എം. ബുക്ക് നം-122/15-16 | ₹ 2,49,717/- | 19/16-17<br>തീ: 08.03.2017 | ഈ പ്രവൃത്തി പ്രകാരം 94 മീ. നീളത്തിലും 3.2മീ. വീതിയിലും (ചെയിനേജ് 0/210 മുതൽ 0/304 വരെ) മെറ്റലിംഗ് (base course) നടത്തിയിട്ടുണ്ട്. |
| 3 | ഓരി എ.കെ.ജി. ക്ലബ് നടപ്പാലം റോഡ് സോളിംഗ് (പ്രൊജക്റ്റ് നം.32/17).<br>എം. ബുക്ക് നം-123/15-16 | ₹1,25,000/- | 1/16-17<br>തീ: 30.01.2017 | ഈ പ്രവൃത്തി പ്രകാരം 149 മീ. നീളത്തിലും 3.2മീ. വീതിയിലും (ചെയിനേജ് 0/130 മുതൽ 0/280 വരെ) മെറ്റലിംഗ് (base course) നടത്തിയിട്ടുണ്ട്. |
| | | ₹ 72,504/- | 2/16-17<br>തീ: 30.01.2017 | |

| | | | | |
|---|---|---|---|---|
| | | ആകെ ₹ 1,97,504/- | | |
| 4 | കിനാത്തിൽ ചേരങ്ങേൽ തറവാട് റോഡ് സോളിംഗ് (പ്രൊജക്ട് നം.40/17).<br>എം. ബുക്ക് നം-124/15-16 | ₹ 1,85,678/- | 20/16-17<br>തീ: 14.03.2017 | ഈ പ്രവൃത്തി പ്രകാരം 204 മീ. നീളത്തിലും 3.2മീ. വീതിയിലും (ചെയിനേജ് 0/300 മുതൽ 0/530 വരെ) മെറ്റലിംഗ് (base course) നടത്തിയിട്ടുണ്ട്. |

മെറ്റലിംഗ് പ്രവൃത്തി ചെയ്ത റോഡുകൾ ടാറിംഗ് നടത്താതെ ദീർഘകാലം ഉപയോഗിച്ചാൽ മെറ്റലിംഗ് ചെയ്ത പ്രതലം ഇളകിപ്പോകാനും പിന്നീട് ഇത്തരം റോഡുകൾ ടാറിംഗ് ചെയ്യുമ്പോൾ വീണ്ടും മെറ്റലിംഗ് പ്രവൃത്തി നടത്തേണ്ടതായും വരും. ഇത് പഞ്ചായത്തിന് അധിക ബാധ്യതയാണ്. ആയതിനാൽ മെറ്റലിംഗ് ചെയ്ത മേൽ പ്രവൃത്തികൾ എത്രയും വേഗം ടാറിംഗ് ചെയ്യുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്. (ഓഡിറ്റ് എൻക്വയറി നം.13 തീയതി 26.08.2017)

## 3-4 പൊതുമരാമത്ത് പ്രവൃത്തിയുടെ ബില്ലിൽ നിന്നും ഈടാക്കിയ സർവ്വീസ് ടാക്സ് -തുടർ നടപടികൾ സംബന്ധിച്ച്.

ഗ്രാമ പഞ്ചായത്തിൽ 2016-17 വർഷം നടപ്പിലാക്കിയ വിവിധ അംഗൻവാടികൾക്ക് കുടിവെള്ള സൗകര്യം ഏർപ്പെടുത്തൽ (പ്രൊജക്ട് നം. 125/17) എന്ന പ്രവൃത്തികളുടെ അന്തിമ ബില്ലുകളിൽ നിന്നും സർവ്വീസ് ടാക്സ് ഇനത്തിൽ ഈടാക്കിയ 7,860/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ നീലേശ്വരം സബ് ട്രഷറിയുലുള്ള അക്കൗണ്ടിൽ (ടി.എസ്.ബി.അക്കൗണ്ട് നം. 720031400000007) സൂക്ഷിച്ചിരിക്കുകയാണ്. ഈ തുകയിൻമേലുള്ള തുടർ നടപടികൾ 05.07.2017ലെ ജി.ഒ.(പി.)നം.87/2017/ഫിൻ- ഉത്തരവിലെ നിർദ്ദേശങ്ങൾ പാലിച്ചുകൊണ്ട് സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-5 എസ്.സി. വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം . മാർഗരേഖ പാലിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 18/16-17 |
| പ്രൊജക്റ്റിന്റെ പേര് | പത്താം ക്ളാസ്സിൽ പഠിക്കുന്ന പട്ടികജാതി വിദ്യാർത്ഥികൾക്ക് സൈക്കിൾ വിതരണം |
| ബിൽ നമ്പർ | 4/16-17 തീയ്യതി 30.03.17 |
| അടങ്കൽ | 1,00,000 രൂപ (എസ്.സി.പി.) |
| ചെലവ് തുക | 98,762രൂപ (എസ്.സി.പി.) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് , പടന്ന |

മേൽ പ്രൊജക്റ്റ് പ്രകാരം ജി.എച്ച്.എസ്.എസ്. ഉദിനൂരിൽ പത്താം തരത്തിൽ പഠിക്കുന്ന 12 വിദ്യാർത്ഥികൾക്കും എം.ആർ.വി.എച്ച്.എസ്.എസ്. പടന്നയിൽ പത്താം തരത്തിൽ പഠിക്കുന്ന 13 വിദ്യാർത്ഥികൾക്കും കൂടി ആകെ 25 സൈക്കിളുകൾ 98,762 രൂപയ്ക്ക്, ഫിഡികോ എന്റർപ്രൈസസ്, പി.ഒ. ഒളവണ്ണ, കോഴിക്കോട്, എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016-17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ.(എം.എസ്.)4/16 ത.സ്വ.ഭ.വ. തീ.11/01/2016 അനുബന്ധം15 ഖണ്ഡിക 6(8) (4)&(5) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതായിട്ടുണ്ട് .ഇതിനായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യം പട്ടികജാതി വകപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ 98,762രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-6 എസ്.സി. വിദ്യാർത്ഥികൾക്ക് മേശയും കസേരയും- മാർഗരേഖ പാലിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നമ്പർ | 19/16-17 |
| പ്രൊജക്റ്റിന്റെ പേര് | പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും |
| ബിൽ നമ്പർ | 3/16-17 തീയ്യതി 30.03.17 |
| അടങ്കൽ | 2,48,000 രൂപ (എസ്.സി.പി.) |
| ചെലവ് തുക | 2,46,407രൂപ (എസ്.സി.പി.) |
| നിർവഹണ ഉദ്യോഗസ്ഥൻ | ഹെഡ്മാസ്റ്റർ, ജി.യു.പി.എസ്, പടന്ന |

മേൽ പ്രൊജക്റ്റ് പ്രകാരം 63 വിദ്യാർത്ഥികൾക്ക് 63 കസേരയും 63 സ്റ്റീൽ മേശയും ഫിഡികോ എന്റർപ്രൈസസ്, പി.ഒ.ഒളവണ്ണ, കോഴിക്കോട്, എന്ന സ്ഥാപനത്തിൽ നിന്നും വാങ്ങി പട്ടികജാതി വിദ്യാർത്ഥികൾക്ക് വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 63 കസേരയ്ക്ക് 73,617 രൂപയും 63 മേശയ്ക്ക് 17,290 രൂപയും കൂടി ആകെ 24,6407 രൂപ ഫിഡികോ എന്റർപ്രൈസസിന് നല്കുകയുണ്ടായി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി 2016-17 വാർഷിക പദ്ധതി മാർഗരേഖ (സ.ഉ.(എം.എസ്. )4/16 ത.സ്വ.ഭ.വ. തീ. 11/01/2016 അനുബന്ധം15 ഖണ്ഡിക 6(8) (4)&(5) പ്രകാരം മേൽ പ്രോജക്ട് നടപ്പിലാക്കുമ്പോൾ ഒരു വിദ്യാർഥിക്ക് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭിച്ചിട്ടുള്ളൂ എന്ന് ഉറപ്പ് വരുത്തേണ്ടുന്നതായിട്ടുണ്ട് .ഇതിനായി ഈ പദ്ധതിയുടെ ഗുണഭോക്താക്കളായ വിദ്യാർത്ഥികൾക്ക് മേൽ ആനുകൂല്യം പട്ടികജാതി വകപ്പിൽ നിന്നും ലഭ്യമായിട്ടില്ല എന്ന സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതായിട്ടുണ്ട്. എന്നാൽ ഇത്തരത്തിലുള്ള സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ചെലവ് തുകയായ 2,46,407 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-7 മരുന്നുകൾ ലഭ്യമാക്കിയിട്ടില്ല.

I. ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(ഹോമിയോ),തൃക്കരിപ്പൂർ

പ്രോജക്റ്റ് നം. - 94/2017 ആയുഷ് പ്രൈമറി ഹെൽത്ത്സെന്റർ(ഹോമിയോപതി), മാച്ചിക്കാടിലേക്ക് മരുന്ന് വാങ്ങൽ

വകയിരുത്തൽ - മെയിന്റനൻസ് ഫണ്ട്(റോഡിതരം) 1,00,000/-

ട്രഷറി ബിൽ നം. - 02/2016-17 തീ.17.01.2017 1,00,000/-

കാസറഗോഡ് ജില്ലയിലെ എൻ.എച്ച്.എം. ഹോമിയോ ഡിസ്പൻസറികളിലെ പദ്ധതി നിർവ്വഹണം സുഗമമായി നടപ്പിലാക്കുന്നതിന്റെ ഭാഗമായി കാസറഗോഡ് ജില്ലാ ഹോമിയോ മെഡിക്കലാഫീസറുടെ 01.02.2016 ലെ 1246/ഇ2/2015/ഡി.എം.കെ.നം. ഉത്തരവ് പ്രകാരം പടന്ന ഗ്രാമ പഞ്ചായത്തിലെ എൻ.എച്ച്.എം. ഹോമിയോ ഡിസ്പൻസറിയുടെ പദ്ധതി നിർവ്വഹണം തൃക്കരിപ്പൂർ ഹോമിയോ മെഡിക്കൽ ഓഫീസർക്ക് നൽകി ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ആയുഷ് പ്രൈമറി ഹെൽത്ത് സെന്റർ, മാച്ചിക്കാടിലേക്ക് മേൽ പ്രോജക്ട് പ്രകാരം മരുന്ന് ലഭ്യമാക്കുന്നതിനായി ആലപ്പുഴ Homco മാനേജിങ് ഡയറക്ടർക്ക് ഒരു ലക്ഷം രൂപ നൽകിയിരുന്നു(D.D. നം.614103 തീ.17.01.2017). എന്നാൽ 71,060/-രൂപയുടെ മരുന്ന് മാത്രമേ ഓഡിറ്റ് തീയ്യതി വരെ ലഭ്യമാക്കിയിട്ടുള്ളൂ (ബിൽ നം.LF-131/27 തീ.27.05.2017). 28,940/- രൂപയുടെ മരുന്നുകൾ ലഭിക്കാൻ അവശേഷിക്കുന്നുണ്ട്. ആയതിനാൽ ആയുഷ് പ്രൈമറി ഹെൽത്ത് സെന്ററിലേക്ക് മരുന്ന് വാങ്ങുന്നതിനായി Homco മാനേജിങ് ഡയറക്ടർക്ക് നൽകിയ തുകയിൽ ഇനിയും ലഭ്യമാക്കാനുള്ള 28,940/-രൂപയ്ക്കുള്ള മരുന്നുകൾ എത്രയുംപെട്ടന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

II. സാന്ത്വന ചികിത്സാ പരിപാടിലേക്ക് മരുന്ന് വാങ്ങൽ

നിർവ്വഹണോദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ(പി.എച്ച്.സി.)

പ്രോജക്ട് നം. - 103/2017 സാന്ത്വന ചികിത്സാ പരിപാടി

വകയിരുത്തൽ - വികസന ഫണ്ട് (സാധാ) 5,00,000/-

ട്രഷറി ബിൽ നം. - 15/2016-17 തീ. 09.03.2017 Rs-38,635/-

സാന്ത്വന ചികിത്സാ പരിപാടിയുടെ ഭാഗമായി മരുന്ന് ലഭ്യമാക്കുന്നതിനായി കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷൻ ലിമിറ്റഡ്, തിരുവനന്തപുരം മാനേജിങ് ഡയറക്ടറുടെ പ്രോഫോമ ഇൻവോയിസിന്റെ അടിസ്ഥാനത്തിൽ 38,635/-രൂപ നൽകിയിരുന്നു(D.D.നം.614103 തീ.17.01.2017) . എന്നാൽ 04.02.2017ലെ PRF2108 നം. മേൽ പ്രോഫോമ ഇൻവോയിസ് പ്രകാരമുള്ള മരുന്നുകൾ യാതൊന്നും തന്നെ ഓഡിറ്റ് തീയ്യതി വരെ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ കേരള മെഡിക്കൽ സർവ്വീസ് കോർപ്പറേഷന് നൽകിയ 38,635/- രൂപയ്ക്കുള്ള മരുന്നുകൾ എത്രയുംപെട്ടന്ന് ലഭ്യമാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും മരുന്നുകൾ ലഭിച്ചതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 3-8 ആശ്രയഭവനനിർമ്മാണം-തുക പൂർണ്ണമായും ചെലവഴിച്ചിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | 0092/17 |
| പ്രൊജക്ടിന്റെ പേര് | ആശ്രയ ഭവനനിർമ്മാണം |
| ബിൽ നമ്പർ | 3/16-17 തീയ്യതി 27.02.17 |
| അടങ്കൽ | 5,00,000 രൂപ (വികസന ഫണ്ട്) |
| ചെലവ് തുക | 5,00,000 രൂപ (വികസന ഫണ്ട്) |
| നിർവഹണ ഉദ്യോഗസ്ഥൻ | വി.ഇ.ഒ, പടന്ന |

സി.ഡി.എസ്.ചെയർപേഴ്സൻ മുഖേന നടപ്പിലാക്കുന്ന ആശ്രയഭവന പദ്ധതിക്കായി സി.ഡി.എസ് .ചെയർപേഴ്സന്റെ അക്കൗണ്ടിലേക്ക് തുക കൈമാറുക എന്നതാണ് മേൽ പ്രൊജക്ട് കൊണ്ട് വിഭാവനം ചെയ്തിരുന്നത്. ഇതു പ്രകാരം ഈ പ്രൊജക്ടിന്റെ നിർവ്വണ ഉദ്യോഗസ്ഥനായ വി.ഇ.ഒ, പടന്ന മേൽക്കാണിച്ച ബിൽ പ്രകാരം പിൻവലിച്ച 5 ലക്ഷം രൂപ ആശ്രയഭവന പദ്ധതി നടപ്പിലാക്കുന്നതിനായി കുടുംബശ്രീ സി.ഡി.എസ്.ചെയർപേഴ്സന്റെ പേരിലുള്ള

അക്കൗണ്ടിലേക്ക് (അക്കൗണ്ട് നമ്പർ 40414100005257 ) 27.02.17ന് ട്രാൻസ്ഫർ ചെയ്തിട്ടുണ്ട്. ഈ തുകയിൽനിന്നും നാളിതവരെയായി 20,000 രൂപ മാത്രമേ(24.08.2017 വരെ) ഭവനനിർമ്മാണത്തിനായി സി.ഡി.എസ്.ചെയർപേഴ്സൻ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുള്ളൂ. ബാക്കി 4,80,000 രൂപ മേൽ അക്കൗണ്ടിൽ ചെലവഴിക്കാതെ കിടക്കുകയാണ്. ഇത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം-4 /തീയ്യതി 24.03.2017 ) ഭവന നിർമ്മാണം പുരോഗമിക്കുന്നുണ്ടെന്നും എത്രയും വേഗം പദ്ധതി പ്രവർത്തനങ്ങളുടെ ലക്ഷ്യം കൈവരിക്കുന്നതാണെന്നും സി.ഡി.എസ്.ചെയർപേഴ്സൻ,വി.ഇ.ഒ,പടന്ന മുഖേന ഓഡിറ്റിനെ അറിയിക്കുകയുണ്ടായി.

## 3-9 ഓരി തടയണ നിർമ്മാണം- നടപടി ക്രമം പാലിച്ചില്ല- 54,512 രൂപ തടസ്സപ്പെടുത്തുന്നു

വൗച്ചർ നമ്പർ 100/06-05-2016 രൂപ-54,512/-

ഗ്രാമപഞ്ചായത്തിലെ ഓരി വടക്കേബണ്ടിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിന് ഇരു വശത്തും മൂന്ന് ഇഞ്ച് കനമുള്ള പലക മൂന്ന് ചാനലുകളിലും സ്ഥാപിക്കുന്നതിനും എല്ലാറ്റിലും മണ്ണ് നിറച്ച് തടയണ നിർമ്മിക്കുന്നതിന് 20/08/2015 ലെ 175(2)/2015 നമ്പർ തീരുമാനപ്രകാരം ക്വട്ടേഷൻ വിളിക്കുകയും ഏറ്റവും കുറഞ്ഞ തുകയായ 70,900 രൂപയ്ക്ക് ശ്രീ ഒ. തമ്പാന് പ്രവൃത്തി ഏൽപ്പിച്ചുകൊടുക്കുകയും ചെയ്തു (03/10/2015 ലെ 191(6)/2015 ാം നമ്പർ തീരുമാനം). അസി.എൻജിനിയറിൽ നിന്നും, 62,658 രൂപയ്ക്ക് പ്രവൃത്തി പൂർത്തിയാക്കി എന്ന ഒറ്റവരിയിലുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റ് വാങ്ങി നികുതികൾകഴിച്ച് 54,512 രൂപ അനുവദിക്കുകയും ചെയ്തു. ഈ പ്രവൃത്തിയുടെ പ്രാഥമിക എസ്റ്റിമേറ്റ്, പ്രവൃത്തിപൂർത്തിയാക്കിയതിൻെറ അളവ് രേഖപ്പെടുത്തിയ എം ബുക്ക് എന്നിവ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല.

ഗ്രാമ പഞ്ചായത്തിൽ തന്നെ അസി.എഞ്ചിനീയർ , ഓവർസിയർ എന്നിവരുടെ സേവനം ലഭ്യമാണെന്നിരിക്കെ അടിയന്തിര സ്വഭാവമുള്ള പ്രവൃത്തിയാണെങ്കിൽ പോലും പ്രാഥമിക എസ്റ്റിമേറ്റ് തയ്യാറാക്കി പ്രവൃത്തി പൂർത്തിയാക്കിയതിനു ശേഷം, അളവ് രേഖപ്പെടുത്തി പ്രവൃത്തിമൂല്യം അനുസരിച്ച് തുക അനുവദിക്കുകയായിരുന്നു ചെയ്യേണ്ടിയിരുന്നത്. എന്തൊക്കെ പ്രവൃത്തിയാണ് ചെയ്തത് എന്ന് വ്യക്തമാക്കുന്ന രേഖകൾ ഒന്നും ഇല്ലാതെ അസി.എഞ്ചിനീയറുടെ ഒറ്റ വരിയിലുള്ള വാല്യുവേഷൻ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിച്ചിരിക്കുന്നത്.

പ്രാഥമിക എസ്റ്റിമേറ്റ്, എം. ബുക്ക് എന്നിവ ഹാജരാക്കാത്തതിനാൽ ചെലവ് തുക തടസ്സപ്പെടുത്തുന്നു.

## 3-10 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല

ഗ്രാമ പഞ്ചായത്ത് സെക്രട്ടറി, അസി.സെക്രട്ടറി എന്നിവർ 2016-17 നിർവ്വഹണം നടത്തിയ താഴെ ചേർക്കുന്ന പദ്ധതികളുടെ നടത്തിപ്പിനായി വിവിധ ഏജൻസികൾക്ക് തുക കൈമാറിയിട്ടുണ്ട്. എന്നാൽ ഈ സ്ഥാപനങ്ങളിൽ നിന്നും തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം വാങ്ങി സൂക്ഷിച്ചിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | ബിൽ നം.& തീയ്യതി | തുക | തുക കൈപ്പറ്റിയ സ്ഥാപനം | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|---|
| 01 | 04/2017 തെരുവ് നായ്ക്കളുടെ പ്രജനന നിയന്ത്രണ പരിപാടി | 20/2016-17 തീ.14.03.17 | 2,00,000/- | കാസറഗോഡ് ജില്ലാ ആനിമൽ ഹസ്ബൻഡറി | സെക്രട്ടറി |

| | | | | | |
|---|---|---|---|---|---|
| | | | | ഓഫീസർ | |
| 02 | 77/2017 ലൈൻ വലിച്ച സ്ട്രീറ്റ് ലൈറ്റ് സ്ഥാപിക്കൽ | 30/2016-17 തീ.20.03.17 | 7,72,692/- | കെ.എസ്.ഇ.ബി, പടന്ന(5,40,987) പിലിക്കോട് (89,310) തൃക്കരിപ്പൂർ (1,42,395) | സെക്രട്ടറി |
| 03 | 133/2017 സമ്പൂർണ്ണ വൈദ്യുതീകരണം(പഞ്ചായത്ത് വിഹിതം) | 29/2016-17 തീ. 20.03.17 | 1,35,797/- | കെ.എസ്.ഇ.ബി, പടന്ന | സെക്രട്ടറി |
| 04 | 129/2017 പട്ടികജാതി കോളനിയിലേക്ക് ലൈൻ വലിക്കൽ | 08/2016-17 തീ.28.03.17 | 1,22,879/- | കെ.എസ്.ഇ.ബി, പിലിക്കോട് | അസി.സെക്രട്ടറി |
| 05 | 82/2017 പി.എം.എ.വൈ(എസ്.സി.) വിഹിതം കൈമാറൽ | 06/2016-17 തീ.07.03.17 | 45,000/- | സെക്രട്ടറി, നീലേശ്വരം ബ്ലോക്ക് പഞ്ചായത്ത് | അസി.സെക്രട്ടറി |
| | ആകെ | | 12,79,368 | | |

മേൽ പരാമർശിച്ചിരിക്കുന്ന പദ്ധതികളുമായി ബന്ധപ്പെട്ട തുക ചെലവഴിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതാണ്.

## 3-11 <u>ആസ്തി രജിസ്റ്റർ സർക്കാർ നിർദ്ദേശങ്ങൾക്കനുസരിച്ച് പാലിയ്ക്കുന്നില്ല.</u>

ഗ്രാമപഞ്ചായത്തിലെ ആസ്തികളുടെ പരിപാലനത്തിനും സംരക്ഷണത്തിനും ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടത് ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ്.ഡബിൾ എൻട്രി അക്കൗണ്ടിംഗ് സമ്പ്രദായത്തിന്റെ കൃത്യതയ്ക്ക് ആസ്തികളുടെ പൂർണ്ണമായ വിവരം ആവശ്യമാണ്. ആസ്തികളുടെ സംരക്ഷണത്തിന് ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിലെ വിവരങ്ങളെ ആധാരമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണ്. ഈ കാരണങ്ങളൽ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കുറ്റമറ്റതും പൂർണ്ണവുമാക്കി കാലകാലങ്ങളിലെ മാറ്റങ്ങളും കൂടി ഉൾപ്പെടുത്തി സൂക്ഷിക്കേണ്ടതായുണ്ട്. പൂർണ്ണമാക്കിയ രജിസ്റ്ററിന്റെ ഒരു പ്രിന്റ് സെക്രട്ടറിയും എൻജിനീയറും സാക്ഷ്യപ്പെടുത്തേണ്ടതാണ്. ആസ്തിരജിസ്റ്ററിലെ മാറ്റങ്ങൾ/കൂട്ടിചേർക്കലുകൾ വരുത്തി കുറ്റമറ്റതാക്കി പരിഷ്കരിക്കേണ്ട ചുമതല തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിയിൽ നിക്ഷിപ്തമാണ്.ഓരോ സാമ്പത്തിക വർഷത്തിന്റെയും ആരംഭത്തിൽ മുൻ വർഷം ആസ്തി രജിസ്റ്ററിൽ വന്നിട്ടുള്ള മാറ്റങ്ങളുടെ സംഗ്രഹ റിപ്പോർട്ട് ഭരണ സമിതിയ്ക്ക് സമർപ്പിക്കുകയും, അംഗീകാരത്തോടെ ഡിജിറ്റൽ രജിസ്റ്റർ പുതുക്കി തയ്യാറാക്കേണ്ടതുമാണ്.മേൽ നിർദ്ദേശങ്ങൾ സർക്കാർ സർക്കുലറിൽ(തദ്ദേശ സ്വയം ഭരണ (ഡി.ബി.) വകുപ്പ്- 13.01.2010ലെ നം-58608/ഡി.ബി.2/09) നിഷ്ക്കർഷിച്ചിട്ടുള്ളതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കിയോ,കൃത്യമായ രേഖപ്പെടുത്തലുകളോ വരുത്തി സെക്രട്ടറിയും എസ്.എസ്.ജി.ഡി എൻജിനീയറും സാക്ഷ്യപ്പെടുത്തുന്നില്ല. പുറമ്പോക്ക് രജിസ്റ്റർ പാലിക്കുന്നെങ്കിലും (പഴയ സർവ്വെ നമ്പറുകളിൽ ഉൾപ്പെട്ട വസ്തുക്കൾ റീസർവ്വെ നടപടികൾക്ക് ശേഷം ലഭ്യമാക്കിയ പട്ടികയുമായി ഒത്തുനോക്കിയിട്ടില്ല) ഗ്രാമപഞ്ചായത്ത് ഭൂമി സംബന്ധിച്ച എല്ലാ വിവരങ്ങളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കുവാൻ സാധിക്കുന്നില്ല.

രാജ്യത്തെ എല്ലാ ഗ്രാമപഞ്ചായത്തുകളിലും സ്ഥിതി ചെയ്യുന്ന സ്ഥാവര ആസ്തികളുടെ കണക്കെടുക്കുന്നതിനും ആയവ മൊബൈൽ ഫോൺ വഴി ജി.ഐ.എസ്.മാപ്പിംഗ് നടത്തുന്നതിനും കേന്ദ്രപഞ്ചായത്തീരാജ് മന്ത്രാലയം 'M-Asset'എന്ന മൊബൈൽ ആപ്ലിക്കേഷൻ വിന്യസിക്കുകയും ആയത് ഉടമ ആരംഭിക്കണമെന്ന് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തികളുടെ മാപ്പിംഗ് 20.04.2016 –ന് മുമ്പായി പൂർത്തിയാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ 21.03.2016 ന് ജെ1/37630/15 ഉത്തരവ് പുറപ്പെടുവിച്ചു.

2016 മാർച്ച് മാസം വരെ വാങ്ങിയതോ, നിർമ്മിച്ചതോ, വിട്ടുകിട്ടിയതോ ആയ ആസ്തികളുടെ വിവരങ്ങൾ സചിത്ര സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തുകയും ടി വിവരങ്ങൾ സംസ്ഥാനതലത്തിൽ ലഭ്യമാക്കുന്നതിനും വരും വർഷങ്ങളിൽ വെബ് ആപ്ലിക്കേഷനിൽ അപ്ഡേറ്റ് ചെയ്യുന്നതിനും, ഇതിന്റെ പൂർത്തികരണത്തിന് സെക്രട്ടറി, ഐ.കെ.എം.ടെക്നിക്കൽ അസിസ്റ്റന്റ്, എൽ.എസ്.ജി.ഡി. അസി.എൻജിനിയർ, എന്നിവർക്കുള്ള ചുമതലകൾ ഐ.കെ.എം.ഡയറക്ടറുടെ 09.06.2016 ലെ 223/LOBE/IKM/2016 കത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.
മേൽ നിർദ്ദേശങ്ങൾ പാലിക്കുന്നതിന് ഗ്രാമപഞ്ചായത്തിൽ പ്രാഥമികമായ നടപടികൾ ഒന്നും പാലിച്ചിട്ടില്ല.മൊബൈൽ ഫോൺ മാപ്പിംഗ് നടത്തുന്നതിന് പ്രത്യേക സ്പെസിഫിക്കേഷൻ ഉള്ള ഫോൺ വാങ്ങുന്നതിന് 10,000/-രൂപ കവിയാത്ത ചെലവനുവാദം തദ്ദേശ സ്വയംഭരണ (ഡി.ബി)വകുപ്പ് സ.ഉ.(സാധാ)നം.2904/16 തീ.19.10.2016 ഉത്തരവ് പ്രകാരം നൽകിയിട്ടുണ്ട്. ആസ്തി രജിസ്റ്റർ, സർക്കാർ നിർദ്ദേശങ്ങൾക്കനുസൃതമായി പരിപാലിക്കുന്നതിനും M-Asset മൊബൈൽ ആപ്ലിക്കേഷനിലേയ്ക്ക് ശേഖരിക്കുന്ന വിവരങ്ങൾ, റവന്യൂ രേഖകളുമായി പരിശോധിച്ച് കൃത്യത ഉറപ്പ് വരുത്തിമാത്രമെ 'port'ചെയ്യുന്നുവെന്നും സ്ഥാപന മേധാവി ഉറപ്പ് വരുത്തേണ്ടതാണ്. ടി വിഷയത്തിൽ അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതും കൃത്യമാക്കിയ ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതുമാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

ഇല്ല്‌ല.

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി. | പഞ്ചായത്തിന്റെ വിവധ സ്ഥലങ്ങളിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിച്ച് സ്ഥാപിക്കൽ (പ്രൊജക്ട് നം. 77/17) | 21600922 തീ:16.03.17 | 7,72,692 | 7,72,692 | 0 |
| കെ.എസ്.ഇ.ബി. | എസ്.സി. കോളനിയിൽ സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കൽ(പ്രൊജക്ട് നം. 129/17) | 21600968 തീ:27.03.17 | 1,22,879 | 1,22,879 | 0 |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല.

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ഭവന പദ്ധതി | ജി.ഒ. (Rt).നം. 453/10 /ത.സ്വ.ഭ.വ. തി.09-02-10 | 38,37,250 | 3,28,350 | 3,28,350 | - | ഇല്ല. |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം 19,350/-വരവുണ്ട്, ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ / തീയതി |
|---|---|---|---|---|
| 2014-15 | 2-8 | 2,500 | പ്രിൻസിപ്പാൾ ഷറഫ് ആർട്സ് &സയൻസ് കോളേജ്, പടന്ന. | 11601102538/20.08.16 |
| 2014-15 | 2-10 | 1,250 | സെക്രട്ടറി, പടന്ന സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(മെയിൻ) | 11601101954/26.07.16 |
| 2014-15 | 2-10 | 2,500 | സെക്രട്ടറി, പടന്ന സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(മെയിൻ) | 11601101955/26.07.16 |
| 2014-15 | 2-10 | 2,500 | സെക്രട്ടറി, പടന്ന സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്(മെയിൻ) | 11601101956/26.07.16 |
| 2014-15 | 2-10 | 2,500 | മൈമ ഇംഗ്ലീഷ് മീഡിയം | 11601102249/25.08.16 |
| 2009-10 | | 2,500 | മാനേജർ, പടന്ന നഴ്സിംഗ് ഹോം | 11601100082/11.04.16 |

| | | | | |
|---|---|---|---|---|
| 2014-15 | 2-10 | 2,500 | ക്ഷീര വികസന കേന്ദ്രം,കിനാത്തിൽ | 11601103652/10.11.16 |
| 2014-15 | 2-10 | 2,500 | ക്ഷീര വികസന കേന്ദ്രം, ഉദിനൂർ | 11601106349/30.03.17 |
| 2014-15 | 2-9 | 600 | പ്രണവം ഫ്യുവൽസ്, പടന്ന | 11601105390/01.02.17 |
| | ആകെ | 19,350/- | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക. നം | സമാഹൃതറിപ്പോർട്ട് വർഷം, ഖണ്ഡിക നം | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2000-01<br>3-14-2.2 | 2003-04<br>ഖണ്ഡിക നം.32 | മറ്റ് പരാമർശങ്ങൾ(പവർ ടില്ലർ വാങ്ങിയത്)<br>1,86,562 രൂപ | തീർപ്പാക്കിയിട്ടില്ല. |
| 2006-07<br>2.14 | 2010-11<br>ഖണ്ഡിക നം.3-11 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടില്ല.<br>1,75,413 രൂപ | തീർപ്പാക്കിയിട്ടില്ല. |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം.

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 9,51,49,259 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 9,18,71,625 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല. |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല. |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3,99,681/- |

ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല.

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-5 | 98,762/- | ശ്രീ.രാജൻ.ടി.വി, ഹെഡ്മാസ്റ്റർ, ജി.യു.പി.എസ് , പടന്ന |
| 3-6 | 2,46,407/- | |
| 3-9 | 54,512/- | ശ്രീ.അനിൽ കുമാർ.എൻ.എം, സെക്രട്ടറി |
| ആകെ | 3,99,681/- | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1974-75 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 01.07.1996 | 20 |
| 1975-76 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 01.07.1996 | 15 |
| 1976-77 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 01.07.1996 | 11 |
| 1977-78 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 01.07.1996 | 68 |
| 1982-83 | എൽ.എഫ്.കെ.എസ്.ഡി.2/366/96 തീ 01.07.1996 | 10 |
| 1987-88, 1988-89 | കെ.എസ്എ.കെ.എസ്.ഡി.9/48/16(1) തീ19.03.16 | - |
| 1995-96 | കെ.എസ്എ.കെ.എസ്.ഡി.3/480/06 തീ 09-03-07 | 5 |
| 1996-97 | കെ.എസ്എ.കെ.എസ്.ഡി.9/48/16(2) തീ19.03.16 | 5 |
| 1997-98 | കെ.എസ്എ.കെ.എസ്.ഡി.9/48/16(3) തീ19.03.16 | 2 |
| 1998-99 | എൽ.എഫ്.കെ.എസ്.ഡി.5/48/00 തീ 25.07.2000 | 5 |
| 1999-00 | കെ.എസ്എ.കെ.എസ്.ഡി.9/48/16(4) തീ19.03.16 | 8 |
| 2000-01 | കെ.എസ്എ.കെ.എസ്.ഡി.9/48/16(5) തീ19.03.16 | 4 |

| | | |
|---|---|---|
| 2001-02(p) | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 3 |
| 2002-03 | കെ.എസ്എ.കെ.എസ്.ഡി.9/48/16(7) തീ19.03.16 | 3 |
| 2001-02 | കെ.എസ്എ.കെ.എസ്.ഡി.9/48/16(6) തീ19.03.16 | 2 |
| 2003-04 | കെ.എസ്എ.കെ.എസ്.ഡി.9/48/16(8) തീ19.03.16 | 3 |
| 2004-05 | കെ.എസ്എ.കെ.എസ്.ഡി.9/48/16(9) തീ19.03.16 | 3 |
| 2005-06 | കെ.എസ്എ.കെ.എസ്.ഡി.9/48/16(10) തീ19.03.16 | 2 |
| 2006-07 | എൽ.എഫ്.കെ.എസ്.ഡി.3/454/09 തീ 06.04.2010 | 13 |
| 2007-08 | എൽ.എഫ്.കെ.എസ്.ഡി.3/455/09 തീ 07.04.2010 | 13 |
| 2008-09 | എൽ.എഫ്.കെ.എസ്.ഡി.3/866/12 തീ 03.04.2013 | 12 |
| 2009-10 | എൽ.എഫ്.കെ.എസ്.ഡി.3/867/12 തീ 02.04.2013 | 7 |
| 2010-11 | എൽ.എഫ്.കെ.എസ്.ഡി.3/868/12 തീ 03.04.2013 | 11 |
| 2011-12, 2012-13 | എൽ.എഫ്.കെ.എസ്.ഡി.8/580/15 തീ 9.7.2015 | 11 |
| 2013-14 | കെ.എസ്.എ.കെ.എസ്.ഡി 9/310 /16 തീ. 09.09.16 | 15 |
| 2014-15 | കെ.എസ്.എ.കെ.എസ്.ഡി9/770/2016 തീ. 23.07.2016 | 26 |
| 2015-16 | കെ.എസ്.എ.കെ.എസ്.ഡി 9/1271/201 തീ.23.12.2016 | 17 |

തീർപ്പാക്കാൻ അവശേഷിക്കന്ന റിപ്പോർട്ടുകളിലെ തടസ്സങ്ങൾ തീർപ്പാക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ

സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ്.

## അനുബന്ധം 1

# AUDIT CERTIFICATE

No. KSA-KSD-9/997/2017

Kerala State Audit Department,
District Audit Office, Kasaragod – 671123
E-mail:- doksd.ksad@kerala.gov.in
Phone: 04994-256690

Dated :28.08.2017.

Certified that, I have audited the Annual Financial Statement of Padne Grama Panchayat in Kasaragod District for the year ended on 31.03.2017, in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of Padne Grama Panchayat for the year 2016-17, except the observations in Part 2 and part 3 of my audit report, properly presents the picture of income and expenditure.

Deputy Director,
Kerala State Audit Department,
District Audit Office, Kasaragod.

ഓഡിറ്റ് സർട്ടിഫിക്കറ്റ്

കെ.എസ്.എ-കെ.എസ്.ഡി-9/ 997/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ,

ജില്ലാ ഓഡിറ്റ് കാര്യാലയം, കാസറഗോഡ് .

E-mail:- doksd.ksad@kerala.gov.in
ഫോൺ: 04994-256690

തീയതി.28.08.2017.

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും, കാസറഗോഡ് ജില്ലയിലെ പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, എന്റെ അഭിപ്രായത്തിൽ, പടന്ന ഗ്രാമ പഞ്ചായത്തിന്റെ 2016-17-ലെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം കാസറഗോഡ്.

## അനുബന്ധം 2

# Padne Grama PanchayatIncome & Expenditure Statement For the period from 01-April-2016 to 31-March-2017

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |
| 110000000 | Tax Revenue | I-1 | 3,952,452.00 |
| 130000000 | Rental Income from Panchayat Properties | I-3 | 18,420.00 |
| 140000000 | Fees & User Charges | I-4(b) | 412,746.00 |
| 150000000 | Sale & Hire Charges | I-5(b) | 208,300.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 81,409,783.00 |
| 171000000 | Interest Earned | I-8 | 183,342.00 |
| 180000000 | Other Income | I-9 | 22,502.00 |
| A | Total-Income | | 86,207,545.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 7,811,064.00 |
| 220000000 | Administrative Expenses | I-11(b) | 588,033.00 |
| 230000000 | Operations & Maintenance | I-12(b) | 638,861.00 |

| | | | |
|---|---|---|---|
| 240000000 | Interest & Finance Charges | I-13 | 52.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 6,416,897.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 35,983,713.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 416,655.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 2,302,249.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 30,074,642.00 |
| | (not included under Decentralised Plan Programme) | | |
| 255000000 | Maintenance Projects | I-14(e) | 1,257,141.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | I-15(a) | 181,526.00 |
| 272000000 | Depreciation | I-17(a) | 10,654,556.00 |
| B | Total-Expenditure | | 96,325,389.00 |
| C = A-B | *Gross Surplus/Deficit of Income over Expenditure* | | (10,117,844.00) |
| D= 280000000 | Prior Period Item | I-18 | 106,498.00 |
| E = C-D | *Gross Surplus/Deficit of Income over Expenditure after prior* | | (10,224,342.00) |
| | *period items* | | |
| 290000000 | Transfer to Reserve Funds | | |
| | *Net Balance being surplus/deficit carried over to Balance sheet* | | |
| | *(Panchayat Fund)* | | |

Accounts Officer Secratary

*Software Support: Information Kerala Mission*

## അനുബന്ധം 3

# Padne Grama Panchayat Receipt And Payment Statement For the period from 01-April-2016 To 31-March-2017

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| | Opening Balance | | |
| | Bank | RP-40(a) | 12,982,431.00 |
| | Cash | RP-40(a) | 101,664.00 |
| | Receipts | | |
| Operating | | | |
| 110000000 | Tax Revenue | RP-1 | 871,700.00 |
| 130000000 | Rental Income from Panchayat Properties | RP-3 | 0.00 |
| 140000000 | Fees & User Charges | RP-4 | 346,296.00 |
| 150000000 | Sale & Hire Charges | RP-5 | 207,100.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 7,565,567.00 |
| 171000000 | Interest Earned | RP-9 | 183,342.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 21,390,540.00 |
| 350000000 | Other Liabilities | RP-36 | 15,400.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 22,502.00 |
| 311000000 | Earmarked Funds | RP-29 | 9,239.00 |
| 340000000 | Deposits Received | RP-34 | 20,582.00 |

| | | | |
|---|---|---|---|
| 350000000 | Other Liabilities | RP-36 | 1,394,278.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 3,856,549.00 |
| 460000000 | Loans, Advances and Deposits | RP-47 | 863,458.00 |
| Grand Total | | | 49,830,648.00 |
| | Payments | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 2,198,154.00 |
| 220000000 | Administrative Expenses | RP-12 | 588,033.00 |
| 230000000 | Operations & Maintenance | RP-13 | 639,798.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 3,238,279.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 8,657,268.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 471,167.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 1,791,109.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes (not i | RP-19 | 1,053,817.00 |
| 255000000 | Maintenance Projects | RP-20 | 1,257,141.00 |
| 256000000 | Other Revenue Grants and Funds - Revenue Expenses | RP-21 | 181,526.00 |
| 280000000 | Prior Period Item | RP-26 | 127,078.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 563,426.00 |
| 350000000 | Other Liabilities | RP-36 | 4,444,213.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 52.00 |
| 330000000 | Secured Loans | RP-32 | 328,350.00 |
| 340000000 | Deposits Received | RP-34 | 5,363.00 |
| 350000000 | Other Liabilities | RP-36 | 2,716,195.00 |
| 410000000 | Fixed Assets | RP-38 | 2,862,710.00 |
| 412000000 | Capital Work In Progress | RP-40 | 1,439,800.00 |
| 460000000 | Loans, Advances and Deposits | RP-47 | 905,440.00 |
| | Closing Balance | | |
| | Bank | RP-40(b) | 16,361,729.00 |
| | Cash | RP-40(b) | 0.00 |
| Grand Total | | | 49,830,648.00 |

Accounts Officer Secretary

*Software Support: Information Kerala Mission*

## അനുബന്ധം 4

# Padne Grama Panchayat BALANCE SHEET As on 31-March-2017

| Code No. | Description of Items | Schedule No | Amount |
|---|---|---|---|
| | LIABILITIES | | |
| | Reserve& Surplus | | |
| 310000000 | Panchayat Fund | B-1 | (2974704.65) |
| 311000000 | Earmarked Funds | B-2 | 15109.00 |
| 312000000 | Reserves | B-3 | 39869049.00 |
| | *Total Reserve& Surplus* | | 36909453.35 |
| | Grants,Contributions for specific purposes | | |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 5322464.00 |
| | *Total Grants,Contributions for specific purposes* | | 5322464.00 |
| | Loans | | |
| 330000000 | Secured Loans | B-5 | 0.00 |
| | *Total Loans* | | 0.00 |
| | Current Liabilities and Provisions | | |
| 340000000 | Deposits Received | B-7 | 229169.00 |
| 341000000 | Deposit Works | B-8 | 0.00 |
| 350000000 | Other Liabilities | B-9 | 635324.82 |
| | *Total Current Liabilities and Provisions* | | 864493.82 |
| | TOTAL LIABILITIES | | 43096411.17 |
| | ASSETS | | |
| | Fixed Assets | | |
| 410000000 | Fixed Assets | B-11 | 44431289.00 |
| 411000000 | Accumulated Depreciation | B-11 | (20489578.00) |

| | | | |
|---|---|---|---|
| 412000000 | Capital Work In Progress | B-11(a) | 1051606.00 |
| | *Total Fixed Assets* | | 24993317.00 |
| | Current Assets,Loans and Advances | | |
| 430000000 | Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 950013.17 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 16361729.00 |
| 460000000 | Loans, Advances and Deposits | B-18 | 791352.00 |
| | *Total Current Assets,Loans and Advances* | | 18103094.17 |
| | TOTAL ASSETS | | 43096411.17 |
| *Software Support : Information Kerala Mission* | | Accounts Officer | Secretary |

*Balance Sheet Page 1 of 1*